കുടുംബശ്രീ



# അറിയപ്പെടാത്ത വീരാംഗനമാർ

## കുടുംബശ്രീ

# അറിയപ്പെടാത്ത
# വീരാംഗനമാർ

സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ
മെഡിക്കൽകോളേജ് പി.ഒ., – തിരുവനന്തപുരം
2014

## പ്രസാധകർ

എക്സിക്യൂട്ടീവ് ഡയറക്ടർ,
കുടുംബശ്രീ സംസ്ഥാനമിഷൻ,

## നന്ദി

ശ്രീമതി സോയ തോമസ്
ശ്രീമതി.പ്രിയ.ഇ
ശ്രീമതി സൗമ്യ.ഐ.എസ്സ്
ശ്രീ. ബി. എസ്. ശ്രീബാൽ
കുടുംബശ്രീ ജെൻഡർ റിസോഴ്സ്പേഴ്സൺ കോ–ഓർഡിനേറ്റർമാർ
കൃഷ്ണൻകുട്ടി നായർ

ശ്രീമതി.മായാ ശശിധരൻ
ശ്രീമതി.ബീനാരവി
ശ്രീമതി.ഷീല.എസ്
ശ്രീ.ജയൻ പൂക്കാട്
മനു. ജി.
ശാന്തകുമാർ. എം.
ബിജു ആന്റണി.
അനിൽ കുമാർ. ഇ. ടി.

## ഡി.റ്റി.പി

ശ്രീ.ഗോപാലകൃഷ്ണൻ (സംസ്ഥാന മിഷൻ)
ശ്രീമതി.ബിന്ദു (സംസ്ഥാന മിഷൻ)
ശ്രീമതി.സരസ്വതി (സംസ്ഥാന മിഷൻ)
ശ്രീമതി.നിഷിത (സംസ്ഥാന മിഷൻ)
കുമാരി.പ്രിയ (സംസ്ഥാന മിഷൻ)

## കവർ ഡിസൈൻ

ശ്രീ.ബി.എസ്.ഘോഷ്

## ഉള്ളടക്കം


1. ആമുഖം
2. പുസ്തകപരിചയം
3. അറിയപ്പെടാത്ത വീരാംഗനമാർ
4. സുബൈദ
5. അന്ധതയുടെ കാഴ്ച
6. മലകയറിയ മങ്ക
7. ആദിവാസിയും ഭൂമിയും
8. വേങ്ങൂരിന്റെ സ്വന്തം കുട്ടിയമ്മ
9. ഗ്രാമത്തിന്റെ വെളിച്ചം
10. അനാചാരങ്ങൾക്കെതിരെ പൊരുതിയവർ
11. വെള്ളിസ്രാങ്കിന്റെ സമരമുഖത്ത്
12. ഭൂദാൻ പദയാത്രിക
13. കാടാറിന്റെ അമ്മ
14. അശരണരുടെ രത്നം
15. ഊരിന്റെ പാട്ടി.
16. ധീരതയുടെ വഴിവിളക്ക്
17. കൊയ്ത്തു കളത്തിലെ സമരനായിക
18. യാത്ര അവസാനിക്കുന്നില്ല.........



## അറിയപ്പെടാത്ത വീരാംഗനമാർ

**ആമുഖം**

തങ്ങളനുഭവിക്കുന്ന നിശബ്ദതയും അദൃശ്യതയും യഥാർത്ഥ ശബ്ദവും ദൃശ്യവുമാണെന്ന് വിശ്വസിച്ചും വിശ്വസിപ്പിച്ചും, പറഞ്ഞും പറയിപ്പിച്ചും പ്രതിഷ്ഠിതമായ ലിംഗപദവി കാഴ്ചകൾ മറ്റ് സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും അസാധാരണമല്ല. സ്ത്രീ ജീവിതത്തിന്റെ രൂപവും മുഖവുമായി മാറിയ ഈ നിശബ്ദതയും അദൃശ്യതയും നിഷ്കാസിതമാക്കിയത് അവളുടെ തന്നെ ചരിത്രമാണ്. ചരിത്രത്തിലെ സ്ത്രീകളുടെ ഈ അസാന്നിധ്യ രാഷ്ട്രീയത്തിന്റെ പുനർ നിർമ്മിതിയ്ക്കുവേണ്ടിയുള്ള ചെറിയൊരു ശ്രമമാണ് ഈ പുസ്തക സമാഹാരം.

ഏത് അധികാര നിഷേധങ്ങളെയും ദാരിദ്ര്യമായി കാണുന്ന കുടുംബശ്രീയുടെ ദാരിദ്ര്യ നിർവചനത്തിന്റെ പുനർവായന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകുന്നവയാണ്. അതിലെടുത്ത് പറയേണ്ടത് സ്ത്രീസ്വയം പദവി പഠനവും അനുബന്ധ പ്രവർത്തനങ്ങളുമാണ്. സംസ്ഥാനത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന ഏജൻസിയാകുമ്പോൾ തന്നെ സാമൂഹ്യ ശാക്തീകരണത്തിനും സ്ത്രീശാക്തീകരണത്തിനും തുല്യ പ്രാധാന്യം നൽകി കുടുംബശ്രീ നടത്തുന്ന സാമൂഹ്യ ഇടപെടലുകൾ ശ്ലാഘനീയമാണ്. ലിംഗപദവിയുടെ അപനിർമ്മിതിയും വിമർശനാത്മകമായ തിരിച്ചറിവിലൂടെ, അനുഭവങ്ങളുടെ വിശ്ലേഷണത്തിലൂടെയുള്ള അതിന്റെ പുനനിർമ്മിതിയും ജനകീയ പങ്കാളിത്ത രാഷ്ട്രീയത്തിന് പുത്തൻ ഉണർവ് നൽകുന്നതാണ്.

ചരിത്രം അധികാരത്തിന്റെ, അധീശത്വത്തിന്റെ കഥകൾ പറയുമ്പോൾ സ്വാഭാവികമായും അവ പുരുഷന്റെ മാത്രം കഥകളായി മാറുന്നു (History as His Story). സ്ത്രീസാന്നിദ്ധ്യം ഇല്ലാത്തതായി മാറുന്നു, മാറ്റപ്പെടുന്നു. ഈ അസാന്നിദ്ധ്യത്തിന്റെ സാമാന്യവൽക്കരണത്തിനെതിരെയുള്ള കുടുംബശ്രീയുടെ ചെറിയ സംഭാവനയാണ് അറിയപ്പെടാത്ത വീരാംഗനമാർ.

തങ്ങളുടെ പ്രവൃത്തികൾ കൊണ്ട് പൊതുമണ്ഡലങ്ങളിലും സാമൂഹ്യനിർമ്മിതികളിലും വ്യക്തമായ വ്യതിയാന രേഖ വരുത്തിയ ഭൂതകാലത്തിന്റെ ചില വീരനായികമാരെ ഓർമ്മപ്പെടുത്താനുതകുന്ന രേഖകളാണ് ഇവ. ഇവരെ നാം അറിയുന്നില്ല. അറിയാനുള്ള ശ്രമങ്ങൾ നടത്തുന്നുമില്ല.

എന്നാൽ അംഗീകാരം മനുഷ്യന്റെ അടിസ്ഥാനവകാശമാണെന്നുള്ള തിരിച്ചറിവിന്റെ ബോദ്ധ്യത്തിൽ, ലിംഗനീതിക്കുവേണ്ടിയുള്ള അവകാശാധിഷ്ഠിത കാഴ്ചപ്പാടിന്റെ വിശ്വാസത്തിൽ കുടുംബശ്രീ ഈ വീരാംഗനമാരെ നിങ്ങൾക്ക് പരിചയപ്പെടുത്തുന്നു. അവരുടെ സൂക്ഷ്മരാഷ്ട്രീയങ്ങൾ, അവർ കണ്ടെത്തിയ പാതകൾ, അവരുടെ വിജയഗാഥകൾ ഒക്കെ ഈ പുസ്തകത്താളുകളിൽ ആലേഖനം ചെയ്യപ്പെടുന്നു. ഒരു പുതിയ പുനരുജ്ജീവന ഗീതം ഇവിടെ ഉയരുകയായി.

സ്നേഹാദരപൂർവം,

ഡോ.എം.കെ.മുനീർ
ബഹു.പഞ്ചായത്ത്–സാമൂഹ്യനീതി വകുപ്പ് മന്ത്രി




കെ.ബി.വത്സലകുമാരി
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


## അറിയപ്പെടാത്ത വീരാംഗനമാർ

### പുസ്തക പരിചയം

മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, ജോലിക്ക് തുല്യ കൂലി, നിർണ്ണായക സഭകളിൽ പ്രാതിനിധ്യം തുടങ്ങി അന്തസ്സോടെ ജീവിക്കാൻ വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും സുരക്ഷയും ഉറപ്പുവരുത്തുന്ന പ്രക്രിയയാണ് വികസനം. എന്നാൽ വികസന പ്രക്രിയകളിൽ പങ്കാളികൾ എന്നതിനുപകരം കേരളത്തിൽ സ്ത്രീകളെ കേവലം ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളായി മാത്രമാണ് കണ്ടിരുന്നത്.

നിശബ്ദയും, അദൃശ്യയുമായിരുന്ന സ്ത്രീ പുരുഷാധിപത്യത്തിൽ അധിഷ്ഠിതമായ സമൂഹത്തിന്റെ ചൂഷണവും ക്രൂരതയും വർദ്ധിച്ചുവന്നപ്പോൾ തന്റെ അവകാശങ്ങൾക്കായി പോരാടാൻ തുടങ്ങി. ജന്മി–കുടിയാൻ വ്യവസ്ഥയുൾപ്പടെ നാടുവാഴി സമ്പ്രദായങ്ങളെ എതിർത്തിരുന്ന പോരാട്ടങ്ങളിൽ സ്വയം മറന്ന് കൈക്കുഞ്ഞുങ്ങളുമായി ഇറങ്ങിത്തിരിച്ച സ്ത്രീകളുമുണ്ടായിരുന്നു. നിലനിന്നിരുന്ന വ്യവസ്ഥിതികൾ അതേ പ്രകാരം നിലനിർത്തിപ്പോരണമെന്ന് ശഠിച്ച വരേണ്യ വർഗ്ഗത്തിന്റെ അധീശശക്തിക്കു മുന്നിൽ സമരമുറകളുടെ രീതിശാസ്ത്രങ്ങളുമായി സ്ത്രീകൾ സമരരംഗത്തിറങ്ങി. തൽഫലമായി ലാത്തിച്ചാർജ്ജ്, ലോക്കപ്പ് മർദ്ദനം, വീട്ടിൽ നിന്നുള്ള ഭ്രഷ്ട് ഇവയെല്ലാം ഇവർക്ക് സഹിക്കേണ്ടി വന്നു.

അവകാശപ്പെട്ട മണ്ണിൽ അടിയാളരായി ജോലി ചെയ്തിട്ടും കൂലി നൽകാത്ത ജന്മിക്കെതിരെ ...... തൊഴിലവകാശങ്ങൾ നിഷേധിച്ച സ്ഥാപനങ്ങൾക്കെതിരെ..... മതാചാരങ്ങളുടെ മറവിൽ ദുർബല വിഭാഗങ്ങളെ ചൂഷണം ചെയ്ത അധികാര

വർഗ്ഗങ്ങൾക്കെതിരെ….. മനുഷ്യരെ മദോന്മത്തരാക്കി ലിംഗാധിഷ്ഠിത അതിക്രമങ്ങൾ നടത്തിയ മദ്യലോബികൾക്കെതിരെ….. സ്ത്രീകൾ പോരാടി.

എന്നിട്ടും ആരുമറിയാതെ പോയവർ…. പരാതിയും പരിഭവവുമില്ലാതെ താൻ പോരാടിയ പോരാട്ടങ്ങളുടെ നന്മകൾ പുത്തൻ തലമുറ അനുഭവിക്കുന്നത് കണ്ട് സായൂജ്യമടയുന്നവർ….പുത്തൻ തലമുറ അറിയാതെ പോകുന്നവർ.

വ്യത്യസ്തതയുടെ വഴിയിലൂടെ സഞ്ചരിക്കുന്ന കുടുംബശ്രീ ഈ പുസ്തകത്തിലൂടെ അറിയപ്പെടാത്ത വീരാംഗനമാരെ നിങ്ങൾക്ക് പരിചയപ്പെടുത്തുന്നു. പ്രായം തളർത്താത്ത മനസ്സുമായി ഇന്നും പോരാടുന്ന ഒട്ടേറെ പേരുണ്ട് നമ്മുടെ ഇടയിൽ. അവരുടെ പ്രതീകങ്ങളായ വ്യക്തിത്വങ്ങളെ നമുക്ക് പരിചയപ്പെടാം. പിന്നിട്ട് പോകുന്ന വഴിയെ ഇവരെ കണ്ടില്ലെന്ന് നടിക്കാതിരിക്കാൻ, ഒരു പുഞ്ചിരിയെങ്കിലും അവർക്ക് അംഗീകാരമായി നൽകുവാൻ സഹായകമാകുമെന്ന പ്രതീക്ഷയോടെ, അറിയപ്പെടാത്ത വീരാംഗനമാർക്കായി ഈ പുസ്തകം സമർപ്പിക്കുന്നു.



**കെ.ബി.വത്സലകുമാരി**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

കുടുംബശ്രീയുടെ കിരീടത്തിൽ പൊൻതൂവൽ ചാർത്തി

അനുഭവങ്ങളുടെ മൂടുപടം നീക്കി അവർ എഴുതുന്നു.....

സർവ്വസാധാരണമായ ജീവിത ചിത്രങ്ങളുടെ പിന്നിൽ രൂപപ്പെടുന്ന

സാമൂഹികവും ദാർശനികവും ചരിത്രപരവുമായ

ഒരു തിരിച്ചറിവിനെ അന്വേഷിച്ചുകൊണ്ട്....

വാക്കുകൾക്കും വരികൾക്കുമിടയിൽ അർത്ഥം തിരയുമ്പോൾ

നഷ്ടങ്ങളുടെ തിരിച്ചറിവിൽ നിന്നും പാഠം പഠിച്ചവരുടെ ഒറ്റപ്പെട്ടുപോകലുകളുണ്ട്

ഏകാന്തതയിൽ നിന്ന് ഉയർത്തെഴുന്നേറ്റവരുടെ



അക്ഷരങ്ങളുടെ തീമഴ നിങ്ങളെ അസ്വസ്ഥരാക്കിയേക്കാം

പക്ഷെ ഈ അനുഭവങ്ങൾ പച്ചയാണ്......

അനുഭവിച്ച് തീർത്ത ജീവിതത്തിന്റെ പച്ച.

ഇവ നിങ്ങളുടെ ജീവിതത്തോട് കലഹിച്ചുകൊണ്ടിരിക്കും.

ഈ മണ്ണിൽ നിങ്ങൾ ജീവിച്ചതിന്റെ

അടയാളം തീർക്കാൻ നിങ്ങൾക്ക് കഴിയും വരെ.....

*“ഒരുനാൾ മരണത്തിന്റെ കറുത്തകൈകൾ*

*എന്നെകൊണ്ടുപോയാലും*

*എന്റെ മനസ്സിവിടുണ്ടാവും,*

*എന്റെ കുടുംബശ്രീക്കൊപ്പം....*

*എന്നെ ഞാനാക്കിയ*

*എന്റെ പ്രിയപ്പെട്ടവർക്കൊപ്പം.....”*



**പൊരുതി നേടിയ വിജയങ്ങൾ**

**ച**രിത്രത്താളുകളിൽ നിന്ന് ചരിത്ര നിർമ്മിതിക്കു പാത്രമായ വീരാംഗന മാരെക്കുറിച്ച് എഴുതണമെന്ന് ആഗ്രഹിച്ചു തുടങ്ങിയപ്പോൾ മനസ്സിൽ ഏവരുമൊരു പോലെ ആദ്യം പറയാനുറച്ച പേര് സുബൈറയുടെതായിരുന്നു. പക്ഷെ സുബൈറയിലെ പോരാളിയെ തിരഞ്ഞ് പേന ചലിച്ചു തുടങ്ങുന്നതിനു മുമ്പെ ഇന്നിന്റെ യാഥാർത്ഥ്യത്തിൽ നിന്ന് സുബൈറ ചരിത്രത്തിലേയ്ക്ക് നടന്നു കഴിഞ്ഞിരുന്നു..... വേദനകൾ വേട്ടയാടാനില്ലാത്ത ലോകത്തേയ്ക്ക്....

ആരായിരുന്നു സുബൈറ എന്നു പറയേണ്ടതുണ്ടോ എന്നറിയില്ല. പ്രതിസന്ധികളെ എങ്ങനെ അതിജീവിക്കാമെന്ന് തന്റെ വേദനകൾ നിറഞ്ഞ

ജീവിതത്തിലൂടെ കാട്ടിത്തന്ന ഒരു നിശബ്ദപോരാളി. ആരെയും അതിശയിപ്പിക്കുന്ന തരത്തിലുള്ള അസാധാരണമായ ഒരു കൂസലില്ലായ്മയുടെ പ്രതീകം. വയസ്സു മുപ്പത്തിയാറു കഴിഞ്ഞിട്ടും നീളൻ പാവാടയും കയ്യിറക്കമുള്ള മോപ്പുമായിരുന്നു അവരുടെ അടയാളം. കണ്ണൂർ തില്ലങ്കേരി പടിക്കച്ചാൽ മൊയ്തുഹാജിയുടെ പതിനൊന്നു മക്കളിൽ ഏഴാമത്തെകുട്ടിയായ സുബൈറയ്ക്ക് തന്റെ ജീവിതമെന്നത് അന്ത്യമില്ലാത്ത വേദനകളുടെ അതിജീവനം മാത്രമായിരുന്നു. ദാരിദ്ര്യത്തിന്റെ നടുവിലേക്കായിരുന്നു സബൈറയുടെ പിറവി തന്നെ. വീട്ടിലെ പട്ടിണിയായിരുന്നു സ്കൂളിൽ പോകാനുള്ള പ്രചോദനം. പലപ്പോഴും വിശന്നു തളർന്ന് സ്കൂളിൽ തലകറങ്ങി വീഴുന്ന സുബൈറയ്ക്ക് ഹെഡ്മാസ്റ്റർ ഗോപാലൻ മാഷ് ചായവാങ്ങിക്കൊടുക്കും. റേഷൻ കടവഴി സൗജന്യമായി കിട്ടിയിരുന്ന വിലകുറഞ്ഞ കട്ടിയുള്ള പരുപരുത്ത തുണികൊണ്ടുള്ള ഒരു ജോഡി പാവാടയും ബ്ലൗസുമായിരുന്നു ആകെയുള്ള വസ്ത്രം. എങ്ങിനെയോക്കെയോ പത്താം ക്ലാസ്സുവരെ പഠിച്ചു ജയിച്ചു. ബാപ്പയുടെ മരണശേഷം മഴയെന്നോ വെയിലെന്നോ ഇല്ലാതെ പാടത്തു പണിക്കുപോയാണ് കുടുംബം പുലർത്തിയത്. കൊയ്യാൻ പോയി നെല്ലുകൊണ്ടു വന്ന് ആ രാത്രി തന്നെ വറുത്ത് കുത്തി ചോറുവയ്ക്കും.

സുബൈറയെ ഒരു പോരാളിയാക്കി തീർത്തത് മറ്റാരുമല്ല. അവരുടെ ശരീരം തന്നെയായിരുന്നു. ജീവിതത്തിൽ ഏറ്റവും അധികം പ്രതിസന്ധികളും വേദനയും നേരിടേണ്ടി വന്നതും അവർക്ക് സ്വന്തം ശരീരത്തിൽ നിന്നു തന്നെ. കാരണം ജനിച്ച നാൾ മുതൽ എണ്ണമറ്റ രോഗങ്ങളായിരന്നു കൂട്ട്. തന്റെ മുപ്പത്തിയറുവയസ്സിനുള്ളിൽ സുബൈറയുടെ മെല്ലിച്ച ശരീരം ഓപ്പറേഷനു വിധേയമായതു എട്ടുതവണ. രോഗത്തിന്റേയും വേദനയുടെയും ശമനം നിഷേധിക്കപ്പെട്ട ഒരു ജന്മമായിരുന്നു സുബൈറയുടേത്. കഷ്ടപ്പാടും ദുരിതവും വേദനയും നിറഞ്ഞ ആശുപത്രി ജീവിതത്തിന്റെ അന്ത്യമില്ലാത്ത നാളുകളിലുടെയാണ് പിന്നീടുള്ള കാലമത്രയും കടുന്നുപോയത്. മണിപ്പാലിലെ കസ്തൂർബാ മെഡിക്കൽ കോളജ് ആശുപത്രിയിൽ വച്ച് ഗർഭപാത്രം നീക്കം ചെയ്യുമ്പോൾ സുബൈറക്ക് പതിനാലുവയസ്സ്. കൗമാരത്തിന്റെ തുടിപ്പുകൾ മനസ്സിലും ശരീരത്തിലും ഉണർന്നു തുടങ്ങുന്നതിനു മുമ്പെ ഒരു സാധാരണ പെൺകുട്ടിയെപോലെ ജീവിക്കാൻ തനിക്കൊരിക്കലും കഴിയില്ലെന്ന് സുബൈറ തിരിച്ചറിഞ്ഞ നാളുകൾ. അമിതമായി ഉറക്കഗുളിക കഴിച്ച് ജീവിതം അവസാനിപ്പിക്കാനുള്ള ശ്രമം നടത്തി. പിന്നെ കുറേക്കാലം എല്ലാവരോടും അകന്നുമാറി ഒറ്റപ്പെട്ട് ജീവിച്ചു.

ദുർബല നിമിഷങ്ങളിൽ അടിപതറിപ്പോയ സുബൈറ തോൽക്കാൻ മനസ്സില്ലെന്നുറച്ച് തിരികെ എത്തിയത് ജനകീയാസൂത്രണത്തിന്റെ നാളുകളിലായിരുന്നു. പിന്നീട് കുടുംബശ്രീയിലെത്തി. അയൽക്കൂട്ടത്തിന്റെ പ്രസഡിന്റ് സ്ഥാനത്തേയ്ക്ക് നിശ്ചയിച്ചയാൾ പിൻമാറിയപ്പോൾ സുബൈറ

അതേറ്റെടുക്കേണ്ടി വന്നു. പ്രതിസന്ധികളെ ആത്മബലം കൊണ്ട് മറികടന്നു മുന്നോട്ടുപോകാൻ മനസ്സു പറഞ്ഞപ്പോൾ സുബൈറ അങ്ങനെ തന്നെ തീരുമാനിക്കുകയായിരുന്നു. പക്ഷെ പ്രതിസന്ധികൾ എതിർപ്പിന്റെ രൂപത്തിൽ സുബൈറയെ കാത്തിരുന്നു. സമുദായത്തിൽ നിന്നുള്ള എതിർപ്പും ആക്ഷേപങ്ങളും കൂടിവന്നു. അർത്ഥമില്ലാത്ത പ്രവർത്തിയായി മറ്റുള്ളവർക്ക് തോന്നുമെങ്കിലും മനസ്സാക്ഷിക്കു മുന്നിലൊരു മറുപടി നൽകാൻ ഞാനിതു തുടരുമെന്ന് സുബൈറ തീർത്തുപറഞ്ഞു. കുടുംബശ്രീ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കിക്കൊണ്ട് സുബൈറ എതിർക്കുന്നവരെ നിശബ്ദരാക്കി.

തന്നെക്കാൾ ഏറെ കഷ്ടപ്പാടുകളും ദുരിതങ്ങളും പേറി ജീവിക്കുന്നവർ സമൂഹത്തിൽ വേറെയുണ്ടെന്ന തിരിച്ചറിവ് സുബൈറെയുടെ ഉൾക്കരുത്ത് വർദ്ധിപ്പിച്ചു. തന്റെ വേദനകളെക്കുറിച്ചുള്ള ചിന്തകൾ അന്നാവണം സുബൈറ ഉപേക്ഷിച്ചത്. പിന്നീടൊരിക്കലും ആ നഷ്ടബോധവും തീരാവേദനകളും സുബൈറയെന്ന പോരാളിയുടെ മനസ്സിനെ തളച്ചിട്ടതേയില്ല.

തില്ലങ്കേരിയുടെ അകത്തളങ്ങൾ സുബൈറയ്ക്ക് ഏറെ പരിചതമായിരുന്നു. സിഡിഎസ് ചെയർപേഴ്സൺ എന്ന നിലയിൽ കഴിഞ്ഞ 13 വർഷങ്ങൾ സുബൈറയുടേതായിരുന്നു. സ്ത്രീശാക്തീകരണവും ദാരിദ്ര്യ നിർമ്മാർജ്ജനവും വരുമാനദായക പ്രവർത്തനങ്ങളും അതിലൂടെ പിറന്ന മണ്ണിന്റെ പുരോഗതിയും മാത്രമായിരുന്നു സുബൈറയുടെ ജീവിതലക്ഷ്യം. പഞ്ചായത്തിന്റെ ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികളും വിവിധ വകുപ്പുകളുടെ സംയോജനവും സാധ്യമാക്കിയ തില്ലങ്കേരി മാതൃക സുബൈറയുടെ കിരീടത്തിലെ പൊൻതൂവലയായി മാറി. നൂറുശതമാനം ബിപിഎൽ കവറേജുള്ള ഗ്രാമമാണ് ഇന്നത്തെ തില്ലങ്കേരി. തരിശു നിലങ്ങളെ കൃഷിയോഗ്യമാക്കിയ 'ഹരിത തില്ലങ്കേരി' സംഘകൃഷി മാതൃകയായ 'വാഴഗ്രാമം', കുട്ടികളെ കാർഷിക വൃത്തിയിലേയ്ക്കാകർഷിച്ച കുട്ടി വയൽ പദ്ധതി, കുട്ടികൾ നടത്തിയ കൊയ്ത്തുത്സവം, കയ്യെഴുത്തു മാസിക, തുടങ്ങി വൈവിധ്യങ്ങളായ പദ്ധതികൾ തില്ലങ്കേരിയെയും സുബൈറയേയും വേറിട്ടതാക്കി.

നിരവധി സ്ത്രീകളെ സ്ഥിര വരുമാനത്തിലേയ്ക്ക് കൈപിടിച്ചയുർത്തിയ 'ആടുഗ്രാമം' പദ്ധതി തില്ലങ്കേരിയിൽ വിജയിപ്പിച്ചതിനു പിന്നിൽ സുബൈറയുടെ വിയർപ്പുണ്ടായിരന്നു. ആടിന്റെ കാഷ്ടം ശേഖരിച്ച് ഉണക്കിപൊടിച്ച് പായ്ക്കറ്റുകളിലാക്കി വിപണന സാധ്യത ഒരുക്കിയ 'അജംസുപ്പർ കമ്പോസ്റ്റ് യൂണിറ്റും' ശ്രദ്ധേയം. ഇതിലെല്ലാമുപരി കൊള്ള പലിശയ്ക്ക് കടം വാങ്ങി തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതെ ആത്മഹത്യയുടെ വക്കിലെത്തിയ പല സ്ത്രീകളും സുബൈറയുടെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ജീവിതത്തിന്റെ പ്രതീക്ഷകളിലേയ്ക്കും പച്ചപ്പിലേക്കും തിരികെ എത്തിയത്. ഈ ആത്മ സമർപ്പണത്തിനുള്ള അംഗീകാരമായി 2012–ൽ കോഴിക്കോട് നടന്ന തന്റേടം ജെന്റർ ഫെസ്റ്റിൽ ആദരിക്കപ്പെട്ട 101 വനിതകളിൽ

ഒരാൾ സുബൈറയായിരുന്നു. കൂടാതെ എല്ലാവർഷവും കുടുംബശ്രീയുടെ കണ്ണൂരിലെ ബെസ്റ്റ് ചെയർപേഴ്സൺ സുബൈറയായിരുന്നു. ദുർവ്വിധിയോടെ ഒറ്റയ്ക്ക് പൊരുതി നേടിയ വിജയങ്ങൾ........

ജീവിതം മറ്റുള്ളവർക്ക് പ്രകാശമാക്കി സ്വയം എരിഞ്ഞുരുകി തീരുന്ന മെഴുകുതിരിയായിരുന്നു സുബൈറ. വിളക്കിച്ചേർക്കാൻ കഴിയാത്ത വിധം പൊട്ടിയകന്നുപോയ വീണക്കമ്പി. പ്രിയപ്പെട്ടവരെയും, ഓർമ്മകളെയും നെഞ്ചോടു ചേർത്ത് വേദനകളൊക്കെ എവിടേയോ ഉപേക്ഷിച്ച്, നമുക്കിടയിലെ നിശബ്ദതയ്ക്ക് ഒരു പോറലുപോലുമേൽപ്പിക്കാതെ സുബൈറ യാത്ര പോയിരിക്കുന്നു. എങ്കിലും.... സുബൈറ ഇവിടെ എവിടെയൊക്കെയോ ഉണ്ട്.... പുതിയ വഴികളിലും യാത്രയിലും വെട്ടം പകരാൻ... പലതവണ വിളിക്കാൻ വന്ന മരണത്തോട് അവൾ പറഞ്ഞതും അതുതന്നെയായിരുന്നു. “ഒരുനാൾ മരണത്തിന്റെ കറുത്തകൈകൾ എന്നെകൊണ്ടുപോയാലും എന്റെ മനസ്സിവിടുണ്ടാവും, എന്റെ കുടുംബശ്രീക്കൊപ്പം....എന്നെ ഞാനാക്കിയ എന്റെ പ്രിയപ്പെട്ടവർക്കൊപ്പം.....”

**പ്രണാമം**



കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തായ പുല്ലൂർ പെരിയയിലെ അമ്പലത്തറ സ്വദേശിനിയാണ് മുനീസ. പുല്ലൂർ പെരിയ പഞ്ചായത്തിലെ മുൻഭരണ സമിതിയിലെ പ്രസിഡന്റായിരുന്ന ഹസൈനാരുടെയും നബീസയുടെയും എട്ടുമക്കളിൽ ഏഴാമത്തെ മകളായി 1983 മെയ് 12–ാം തീയതി ജനിച്ചു. ജന്മനാ അന്ധതയിലാണ് മുനീസയും സഹോദരൻ അഷറഫും ജനിച്ചത്. 3 സഹോദരിമാരും 4 സഹോദരങ്ങളും അടങ്ങിയതാണ് മുനീസയുടെ കുടുംബം. അന്ധത നൽകിയ വിധിക്കു മുമ്പിൽ പതറാതെയാണ് മുനീസ വിദ്യാഭ്യാസഘട്ടത്തിലേക്ക് പ്രവേശിച്ചത്. 1–ാം ക്ലാസ് മുതൽ 7–ാം ക്ലാസ് വരെ കാസർഗോഡ് ഗവ. അന്ധവിദ്യാലയം, ഹൈസ്ക്കൂൾ പഠനം ജി വി എച്ച് എസ് എസ് അമ്പലത്തറയിലും, പ്രീഡിഗ്രിയും ഡിഗ്രിയും കാസർഗോഡ് ഗവ.കോളേജിലും പഠിച്ച മുനീസ മലയാളത്തിൽ ബിരുദാനന്തര ബിരുദവും, സോഷ്യൽ സയൻസിൽ ബി എഡും പാസ്സായി. തനിക്ക് വിധിതന്ന വിധികളോട് പൊരുതിയാണ് മുനീസ ഓരോ പടവും ചവിട്ടിക്കയറിയത്.

മനുഷ്യജന്മംകൊണ്ട് ചെയ്തു തീർക്കേണ്ട കടമകൾ ചെയ്തുതീർക്കാൻ അന്ധത ഒരു പ്രശ്നമേയല്ല എന്ന് മുനീസ തെളിയിച്ചു. പ്രതികരിക്കാൻ ശാരീരികമായ ശേഷിയോ സാമ്പത്തിക കക്ഷി രാഷ്ട്രീയ പിൻബലമോ ഇല്ലാതെ തന്നെ മന:ശക്തി മാത്രം ആയുധമാക്കി മുന്നേറിയാൽ വിജയം നേടാൻ സാധിക്കുമെന്നു തെളിയിച്ചതാണ് മുനീസയുയെ ജീവിതം. സമൂഹത്തിലെ ഉന്നതരുടെ സ്വാർത്ഥതാല്പര്യത്തിനായി ഒരു പ്രദേശത്തെ തലമുറകളെപോലും ബലികഴിക്കേണ്ടി വന്നിട്ടും അവരെയോന്നു തിരിഞ്ഞു നോക്കാൻ തയ്യാറാവാത്തവരോട് അവകാശങ്ങൾ പൊരുതിനേടാൻ തുനിഞ്ഞു ഇറങ്ങിതിരിച്ചവരിൽ ഒരാളാണ് മുനീസ.

## അന്ധതയുടെ കാഴ്ച

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തായ പുല്ലൂർ പെരിയയിലെ അമ്പലത്തറ സ്വദേശിനിയാണ് മുനീസ. പുല്ലൂർ പെരിയ പഞ്ചായത്തിലെ മുൻഭരണ സമിതിയിലെ പ്രസിഡന്റായിരുന്ന ഹസൈനാരുടെയും നബീസയുടെയും എട്ടുമക്കളിൽ ഏഴാമത്തെ മകളായി 1983 മെയ് 12–ാം തീയതി ജനിച്ചു. ജന്മനാ അന്ധതയിലാണ് മുനീസയും സഹോദരൻ അഷറഫും ജനിച്ചത്. 3 സഹോദരിമാരും 4 സഹോദരങ്ങളും അടങ്ങിയതാണ് മുനീസയുടെ കുടുംബം. അന്ധത നൽകിയ വിധിക്കു മുമ്പിൽ പതറാതെയാണ് മുനീസ വിദ്യാഭ്യാസഘട്ടത്തിലേക്ക് പ്രവേശിച്ചത്. 1–ാം ക്ലാസ് മുതൽ 7–ാം ക്ലാസ് വരെ കാസർഗോഡ് ഗവ. അന്ധവിദ്യാലയം, ഹൈസ്ക്കൂൾ പഠനം ജി വി എച്ച് എസ് എസ് അമ്പലത്തറയിലും, പ്രീഡിഗ്രിയും ഡിഗ്രിയും കാസർഗോഡ് ഗവ.കോളേജിലും പഠിച്ച മുനീസ മലയാളത്തിൽ ബിരുദാനന്തര ബിരുദവും, സോഷ്യൽ സയൻസിൽ ബി എഡും പാസ്സായി. തനിക്ക് വിധിതന്ന വിധികളോട് പൊരുതിയാണ് മുനീസ ഓരോ പടവും ചവിട്ടിക്കയറിയത്.

സ്വന്തം വീട്ടിൽ പലപ്പോഴും സഹായിക്കാൻ പറ്റുന്ന ജോലികൾപോലും ചെയ്യാൻ കഴിയുന്നില്ലല്ലോ എന്ന മനോവിഷമത്തിനു പുറമേ വിദ്യാഭ്യാസ ഘട്ടങ്ങളിൽ സഹപാഠികളുടെയും അധ്യാപകരുടെയും ഒറ്റപ്പെടുത്തലുകൾ ചെറുപ്പംമുതലേ മുനീസയെ മനോവിഷമത്തിലാഴ്ത്തിയിരുന്നു. മുനീസയെ നന്നായി മനസ്സിലാക്കിയിരുന്ന ബാപ്പയും ഉമ്മയും മുനീസയോട് പറയുമായിരുന്നു "നിനക്ക് പറ്റുന്നത് ചെയ്യുക, നിനക്ക് പറ്റുന്നതാണ് എല്ലാം" ഈ വാക്കുകൾ നല്ലൊരു പ്രചോദനമായിരുന്നു.

പഞ്ചായത്ത് പ്രസിഡന്റായിരുന്ന ബാപ്പയുടെ പ്രവർത്തനങ്ങൾ മുനീസയെ വല്ലാതെ സ്വാധീനിച്ചിരുന്നു. ഒരിക്കൽ എൻഡോസൾഫാൻ ബാധിച്ച് കിടപ്പിലായ ദിവ്യ എന്ന പെൺകുട്ടിയെ ചികിത്സിക്കാൻ മുന്നിട്ടിറങ്ങിയ ബാപ്പയുടെ പ്രവർത്തനമാണ് അന്ധയാണെങ്കിലും തന്നെക്കാൾ കൂടുതൽ വേദന അനുഭവിക്കുന്നവർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നുള്ള തീരുമാനത്തിൽ മുനീസയെ എത്തിച്ചത്. കുടുംബത്തിന്റെ പൂർണ്ണമായ പിന്തുണയും കിട്ടിയപ്പോൾ മുനീസ സ്വകാര്യ ദു:ഖങ്ങൾ മറന്ന് എൻഡോസൾഫാൻ ബാധിതരെ സഹായിക്കാൻ മുന്നിട്ടിറങ്ങി. എം എ യ്ക്ക് പഠിക്കുമ്പോൾ കോളേജിലെ ഒരു സംഘം വിദ്യാർത്ഥികൾ പിരിവ് എടുത്ത് എൻഡോസൾഫാൻ ബാധിതർക്കു കൊടുക്കുന്നതിന് തയ്യാറായപ്പോൾ മുനീസയും അവരോടൊപ്പം ചേർന്നു.

2012 ജനുവരിയിൽ 'എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി'യുടെ ആഭിമുഖ്യത്തിൽ എൻഡോസൾഫാൻ ബാധിതരുടെ അവകാശങ്ങൾക്കുവേണ്ടി കാസർഗോഡ് കളക്ട്രേറ്റിൽ സംഘടിപ്പിച്ച ധർണ്ണയിൽ സംഘടനയുടെ സെക്രട്ടറി മുനീസയോടും പങ്കെടുക്കാൻ പറഞ്ഞു. മുനീസ പങ്കെടുക്കുകയും പൊതുവേദിയിൽ സംസാരിക്കുവാൻ അവസരം ലഭിക്കുകയും ചെയ്തു. മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചു

പറ്റാനും നേതൃത്വ പദവിയിലേക്ക് ഉയരാനുമുള്ള പുതിയ ഒരു വാതിലായിരുന്നു മുനീസയ്ക്ക് ഈ അവസരം. പിന്നീട് ഇതേ സംഘടനയുടെ നേതൃത്വത്തിലുള്ള സുഭാഷ് തീമേനി, പുല്ലൂർ കൃഷ്ണൻ, ഡോ. ഡി സുരേന്ദ്രനാഥ് എന്നിവർ നിരാഹാര സമരം ആരംഭിച്ചു.

ഈ നിരാഹാര സമരത്തിൽ എൻഡോസൾഫാൻ ഇരയായ മുനീസ ഉൾപ്പെടെയുള്ള ആരോടും പങ്കെടുക്കേണ്ട എന്നു സംഘടന പറഞ്ഞെങ്കിലും മുനീസ ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ പങ്കെടുക്കുമായിരുന്നു. മാധ്യമങ്ങൾക്കുവേണ്ട വാർത്തകൾ നല്കുന്നതും ചാനലുകളിലൂടെ പ്രശ്നങ്ങളെകുറിച്ച് സംസാരിക്കുന്നതും മുനീസ ആയിരുന്നു. 9 ദിവസം പിന്നിട്ടപ്പോൾ പോലീസിന്റെ നിർബന്ധിത അറസ്റ്റോടെ നിരാഹാര സമരം അവസാനിപ്പിച്ചു.

പിന്നീട് പരിസ്ഥിതിപ്രവർത്തകനായ മോഹൻകുമാറിന്റെ നേതൃത്വത്തിൽ 2013 ഫെബ്രുവരി 18 മുതൽ കാസർഗോഡ് പുതിയ ബസ് സ്റ്റാൻഡിനു സമീപം നിരാഹാര സമരം തുടങ്ങി. ഇത് 2013 മാർച്ച് 24 വരെ നീണ്ടു. എല്ലാ ദിവസവും മുനീസയും നിരാഹാരത്തിൽ പങ്കെടുത്തു. അവസാനം മാർച്ച് 25 ന് മുഖ്യമന്ത്രി തിരുവനന്തപുരത്തേക്ക് ചർച്ചക്ക് വിളിച്ചു. ചർച്ചയിൽ പങ്കെടുത്തത് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, പ്രതിപക്ഷനേതാവ് ശ്രീ. വി എസ് അച്യുതാനന്ദൻ, കെ പി സി സി പ്രസി. ശ്രീ രമേശ് ചെന്നിത്തല, ശ്രീ പി കരുണാകരൻ എം പി, കൃഷിമന്ത്രി ശ്രീ കെ പി മോഹനൻ എന്നീ പ്രമുഖരായിരുന്നു. ദുരിതബാധിതരുടെ പ്രശ്നങ്ങൾ, വൈകല്യബാധിതർക്കുള്ള സഹായം എല്ലാം ചർച്ചയിൽ അവതരിപ്പിച്ചു. ചർച്ച വീണ്ടും പരാജയപ്പെട്ടു. ഇതെല്ലാം പത്രത്തിലും ചാനലുകൾ വഴിയും വലിയ വാർത്ത തന്നെ സൃഷ്ടിച്ചിരുന്നു. ഇതിനെല്ലാം നേതൃത്വം കൊടുത്ത സംഘടന നേതാക്കളിലൊരായി സമരത്തിന്റെ പ്രധാനപ്പെട്ട പങ്ക് നിർവ്വഹിക്കുവാൻ മുനീസയ്ക്ക് കഴിഞ്ഞു.

ഈ ചർച്ചയുടെ പരാജയത്തിനുശേഷം മുനീസയും ദുരിതബാധിതരും മാത്രംചേർന്ന് 2014 ജനുവരി 26 ന് മുഖ്യമന്ത്രിയുടെ വസതിക്കുമുമ്പിൽ (ക്ലിഫ്ഹൗസ്) സമരം ആരംഭിച്ചു. മൂന്നുദിവസം നീണ്ടുനിന്ന സമരത്തിന് പരിഹാരമായി ദുരിതബാധിതർക്ക് സഹായം അനുവദിച്ചു. മുനീസയ്ക്കും രണ്ടരലക്ഷം രൂപ ധനസഹായം ലഭിച്ചു. ഇതെല്ലാം ചാനൽവഴി വന്നിരുന്നു. പുല്ലൂർ പെരിയയിലെ ബഡ്സ് സ്കൂളിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനും, വിദ്യാഭ്യാസ അവകാശ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും, കിടപ്പിലായ എൻഡോസൾഫാൻ രോഗികളുടെ സമ്പൂർണ്ണ സുരക്ഷയും, പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങളും ഇതിനെല്ലാം നേതൃത്വനിരയിൽ മുനീസയുടെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കാസർഗോഡ് ജില്ലയിലെ എല്ലാ ബഡ്സ് സ്കൂളിന്റെയും രജിസ്ട്രേഷനും, മെച്ചപ്പെട്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിലേക്ക് എത്തിക്കാൻ സമരവുമായി ഇറങ്ങുന്ന തിരക്കിലാണ് മുനീസ. ഇതിനിടയിലും സ്വന്തം കാലിൽ നിൽക്കാൻ ഒരു ജോലിക്കുവേണ്ടി അലയുകയാണ് പാവം നമ്മുടെ മുനീസ. എന്നെങ്കിലും അധികാരികളുടെ 'കാഴ്ചയ്ക്കായി' പ്രതീക്ഷയുമായി മുനീസ കാത്തിരിക്കുകയാണ്.

ഈ സുന്ദരമായ ഭൂമിയെ ഒന്നു കാണാൻപോലും വിധിയില്ലാത്ത അന്ധയായ മുനീസ തന്നേക്കാൾ കൂടുതൽ ദുരിതമനുഭവിക്കുന്നവരെ തിരിച്ചറിഞ്ഞ് അവർക്കുവേണ്ടി പൊരുതി വിജയം കാണാൻ പ്രയത്നിക്കുമ്പോൾ കണ്ണും കാതും എല്ലാമുള്ള നമ്മൾ ഇതൊന്നും കണ്ടില്ലായെന്ന് നടിച്ച് സ്വന്തം സുഖസൗകര്യങ്ങൾക്കുവേണ്ടി നെട്ടോട്ടമോടുന്നു. മനസ്സിരുത്തി പക്വമായി ചിന്തിക്കുമ്പോൾ മുനീസയുടെ മുമ്പിൽ ലജ്ജിക്കേണ്ടി വരില്ലേ....... ഈ സമൂഹത്തിലെ ഭൂരിഭാഗം ജനതയ്ക്കും.



പർവ്വതാരോഹണം ഒരു അനുഭവമാണ്. നമ്മിലെ ആത്മവിശ്വാസത്തെ, ധീരതയെ അതു വർണാഭമാക്കും. സൗഹൃദത്തിന്റെയും സഹകരണമനോഭാവത്തിന്റെയും ഐക്യബോധത്തിന്റെയും കഠിനാധ്വാനത്തിന്റെയും പാഠങ്ങൾ അത് നമ്മെ അഭ്യസിപ്പിക്കും. വാർത്താവിനിമയ സാധ്യതകൾ വളരെയൊന്നുമില്ലാതിരുന്ന കാലഘട്ടത്തിൽ ഒറ്റയ്ക്ക് ഡാർജിലിങ് വരെ യാത്ര ചെയ്ത് പർവ്വതാരോഹക ചക്രവർത്തി ടെൻസിങിനൊപ്പം ഹിമാലയം കീഴടക്കിയ വ്യക്തിയാണ് ചിന്നമ്മ ടീച്ചർ.

പേനയും ചോക്കും പിടിച്ച് പരിശീലിച്ച കൈകളിൽ വടവും ഐസ് ആക്സും ആയുധമാക്കിയവൾ. വടത്തിൽ തൂങ്ങിക്കിടന്നും കൊടുങ്കാറ്റിനെയും മഞ്ഞുവീഴ്ചയേയും അതിജീവിച്ചും മഞ്ഞുമലകൾ കയറിക്കൊണ്ട് കാഞ്ചൻജംഗ കൊടുമുടിയുടെ നെറുകയിൽ 1962 മെയ് 15 ന് കാലുകുത്തിയ 'കേരളാ ഗേൾ'. 52 വർഷങ്ങൾക്കുമുൻപ് പുരുഷൻമാർപോലും മുന്നോട്ടുവരാൻ തയ്യാറാകാത്ത പർവ്വതാരോഹണം പോലുള്ള ഒരു സാഹസത്തിലേക്ക് ഒരു ഗ്രമീണ സ്ത്രീ കടന്നു വന്നു എന്നത് ഏറെ അഭിമാനിക്കപ്പെടുന്ന വസ്തുതയാണ്.

സാഹസികതയുടെ വേറിട്ട വഴികളിലൂടെ സഞ്ചരിച്ച് സ്ത്രീകൾക്കും, കേരളത്തിനും അഭീമാനമായിതീർന്ന ചിന്നമ്മ ടീച്ചർക്ക് കുടുംബശ്രീയുടെ ആദരവുകൾ…..

## മലകയറിയ മങ്ക



പർവ്വതാരോഹണ ചക്രവർത്തി ടെൻസിംഗ് നോർഗയോടൊപ്പം ഹിമാലയം കയറിയ ഇടുക്കി സ്വദേശി ചിന്നമ്മയെന്ന എഴുപത്തഞ്ചുകാരി അദ്ധ്യാപിക.

1962 മെയ് 15ന് ചിന്നമ്മ എന്ന മലയാളി യുവതി കാഞ്ചൻ ജംഗകൊടുമുടിയ്ക്ക് മുകളിൽ നിന്നത് അഭിമാനം നിറഞ്ഞ കേരള ഗേൾ ആയിട്ടായിരുന്നു. ടെൻസിങ് നോർഗ നൽകിയ ഓമനപ്പേരാണ് 'കേരള ഗേൾ'. അന്ന് കോട്ടയം ജില്ലയിലെ രാമപുരം എസ് എച്ച് ജി എച്ച് എസ്സിലെ അധ്യാപികയായിരുന്നു ചിന്നമ്മ ടീച്ചർ. സ്ത്രീകളെ മലനിരകളുമായി സൗഹൃദത്തിലാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ടീച്ചർ ഈ ഉദ്യമത്തിന് മുതിർന്നത്. ടെൻസിങ് നോർഗ, ഹിമാലയൻ മൗണ്ടനിയറിങ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പിൾ ബ്രിഗേഡിയർ ഗ്യാൻസിങ്, രണ്ട് ഡോക്ടർ, ചുമട്ടുകാർ, ഷേർപ്പുകൾ, ഭക്ഷണത്തിനുള്ള നൂറ്റമ്പതോളം ആടുകൾ ……ഇതായിരുന്നു സംഘം.

സ്കൂൾമാഷായ അപ്പച്ചന്റേയും, അമ്മച്ചിയുടേയും സഹോദരങ്ങളുടെയുമെല്ലാം പൂർണ്ണ സമ്മതത്തോടെ വീട്ടിൽ നിന്നും ടീച്ചർ ഒറ്റയ്ക്ക് യാത്ര പുറപ്പെട്ടു. ട്രയിനുകൾ മാറിമാറി കയറി, മദ്രാസ്, കൽക്കത്ത, മഹാരാജ്പൂർ ഘട്ട് വഴി ഗംഗാനദിയും കടന്ന് സിഗിലൂർ സ്റ്റേഷനിൽ എത്തി. അവിടെ ട്രെയിനപകടത്തിൽ മരിച്ചവരും, പരിക്കേറ്റവരുമൊക്കെയായി ബഹളമയം. അന്ന് സ്റ്റേഷനിൽ നിന്നും ട്രയിൻ സർവ്വീസ് എല്ലാം റദ്ദാക്കിയതിനാൽ രാത്രി മുഴുവൻ ടീച്ചർക്ക് സ്റ്റ്ഷനിൽ തനിച്ച് കഴിച്ചുകൂട്ടേണ്ടിവന്നു. പിറ്റേന്ന് അടുത്ത ട്രയിനിൽ ഡാർജിലിംഗിലേക്ക്.... കാത്തു നിൽക്കുന്ന സംഘത്തിനടുത്ത് എത്തുമ്പോൾ ദിവസങ്ങൾ വൈകിയിരുന്നു. വാർത്താവിനിമയ സാധ്യതകൾ പരിമിതമായിരുന്ന ആ കാലഘട്ടത്തിൽ ട്രെയിനപകടത്തിൽ ടീച്ചർ മരിച്ചിട്ടുണ്ടാകുമെന്നാണ് സംഘം കരുതിയത്. ആശങ്കയോടെ കാത്തുനിന്ന ടെൻസിംഗ് അടക്കമുള്ള കൂട്ടാളികളുടെ ഇടയിലേക്ക് ചിന്നമ്മ ടീച്ചർ കടന്നു ചെല്ലുമ്പോൾ ആശ്വാസത്തിന്റെ നെടുവീർപ്പുകൾ ഉയർന്നു. (അന്ന് മൊബൈൽ ഫോൺ ഇല്ല.)

കഠിനാദ്ധ്വാനത്തിലൂടെ പർവ്വതങ്ങൾ, പർവ്വതാരോഹണ രീതികൾ, അവിടെയുള്ള സസ്യ ജന്തു ജാലങ്ങൾ എന്നിവയെ ക്കുറിച്ചെല്ലാം പഠിച്ചു. ഓക്സിജൻ സിലിണ്ടർ,

ഐസ് ആക്സ് എന്നിവയുടെ ഉപയോഗം പഠിക്കുന്നതോടൊപ്പം ശാരീരിക മാനസിക അവസ്ഥകളും ഭദ്രമാക്കിക്കൊണ്ടാണ് മല കയറാനുള്ള തയ്യാറെടുപ്പുകൾ നടത്തിയത്. മെയ് 3ന് മലകയറാൻ പുറപ്പെടുമ്പോൾ ഫ്ളാഗ് ഓഫ് ചെയ്യാൻ അന്നത്തെ പ്രധാനമന്ത്രി ജവഹർലാലൽ നെഹ്റുവും, ബംഗാൾ ഗവർണർ പി നായിഡുവും എത്തിച്ചേർന്നു. 'എല്ലാരംഗങ്ങളിലും വ്യക്തി മുദ്ര പതിപ്പിക്കുവാൻ സ്ത്രീകൾ തയ്യാറായാൽ മാത്രമേ ഇൻഡ്യയ്ക്കു വികസനമുണ്ടാകൂ' എന്ന് നെഹ്റു പറഞ്ഞ വാക്കുകൾ ഇന്നും ടീച്ചർ ഓർക്കുന്നു.

കാഞ്ജൻ ജംഗ, (ചുവന്ന കുപ്പായമിട്ട ദൈവം) സിക്കിമിന്റെ രക്ഷകൻ എന്നായിരുന്നു അവിടത്തുകാരുടെ വിശ്വാസം. ഈ ലോകത്ത് വിലപിടിപ്പുള്ള എന്തൊക്കെയുണ്ടോ (സ്വർണം, രത്നം, വെള്ളി, ധാന്യം, പുണ്യ ഗ്രന്ഥം) അതെല്ലാം അവിടെയുണ്ടെന്നാണ് സിക്കിമുകാരുടെ വിശ്വാസം. കൈയിൽ കരുതിയ ഭക്ഷണപാനീയങ്ങൾ കഴിച്ച്, കൊടുംകാറ്റും മഞ്ഞു വീഴ്ചയും അതിജീവിച്ച്, വടവും, ഐസ് ആക്സും ആയുധമാക്കി സാഹസികമായ പടവുകളിലൂടെ ടീച്ചർ മലകയറാൻ തുടങ്ങി. അതി ദുഷ്കരമായിരുന്നു മലകയറ്റം. വടത്തിൽ തൂങ്ങിക്കയറിയും ഇറങ്ങിയും മഞ്ഞിൽക്കൂടി നടന്ന്, മഞ്ഞുമലകൾ താണ്ടി കൊടുമുടിയുടെ ട്രയ്പീക്കിൽ ടീച്ചർ കാലുകുത്തി. സമുദ്രനിരപ്പിൽ നിന്നും 24000 അടി ഉയരത്തിൽ അഭിമാനപുരസ്സരം നിൽക്കുമ്പോൾ, 52 വർഷം മുൻപ് ടീച്ചർ പറയാതെ പറഞ്ഞു. ഞങ്ങൾ സ്ത്രീകൾക്കും ഇതിനൊക്കെ സാധിക്കുമെന്ന്. കയറുന്നതിനേക്കാൾ ദുഷ്കരമായിരുന്നു ഇറക്കം. എങ്കിലും പതറാതെ ലക്ഷ്യപൂർത്തീകരണം സാധിച്ച നിർവൃതിയിൽ ഈ അദ്ധ്യാപിക സുരക്ഷിതമായി മലയുടെ താഴെയെത്തി. ഈ വീരകൃത്യത്തിനുള്ള അംഗീകാരമായി കായിക കേരളത്തിന്റെ പിതാവ് എന്നറിയപ്പെട്ട കേണൽ ഗോദവർമ്മ രാജ കവടിയാർ കൊട്ടാരത്തിൽ വച്ചു നടത്തിയ സൽക്കരചടങ്ങിൽ പറഞ്ഞു, "നെയ്യാർ ഡാമിൽ റോക്ക് ക്ലൈംബിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാം, അതിന്റെ ചുമതല ചിന്നമ്മ ടീച്ചർക്ക് നൽകാം" എന്നാൽ പിതാവിന്റെ വിസമ്മതം മൂലം ഈ അംഗീകാരം സന്തോഷപൂർവ്വം തിരസ്കരിച്ച് അധ്യാപകവൃത്തിയിലൂടെ ലാളിത്യജീവിതം നയിച്ച് നമ്മുടെ കൂടെ ... ഇന്ന് നമ്മൾ അറിയപ്പെടാത്ത വീരാംഗനയായി . നമ്മുടെ ചിന്നമ്മ ടീച്ചർ.....

Photo

നവോത്ഥാന പ്രസ്ഥാനങ്ങൾക്കും സാമൂഹ്യ പരിഷ്കാരങ്ങൾക്കും ചുക്കാൻ പിടിച്ച ഒട്ടേറെ വനിതകളുടെ ചരിത്രമുണ്ട് കേരളത്തിന്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 4–ാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്ത് സ്വദേശിനിയാണ് ഭാർഗ്ഗവി. ആദിവാസിയും ഭൂമിയും തമ്മിലുള്ള ബന്ധമാണ് ആദിവാസിയെ ആദിവാസിയാക്കുന്നത്. കാടും, മണ്ണും നമുക്ക് വിഭവവും മൂലധനവും മാത്രമാകുമ്പോൾ ആദിവാസികൾക്ക് കാട് അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. അതുകൊണ്ട്തന്നെയാണ് ഭൂസമരങ്ങളിൽ ആദിവാസികൾ ഇത്രയും വികാരതീവ്രതയോടെ പങ്കെടുക്കുന്നതും, തീക്ഷ്ണമായി പ്രതികരിക്കുന്നതും. ഈ അനുഭവത്തിന്റെ അറിവാണ് മുണ്ടവന ചിന്നയെ വനത്തിൽ ഷെഡ്ഡ് കെട്ടി താമസം തുടങ്ങാൻ പ്രേരിപ്പിച്ചത്. കാട് ജീവിതത്തിന്റെ ഭാഗമായി കരുതിയ അവർക്ക് കൈവശവകാശ രേഖകളോ പട്ടയമോ കാണിക്കാനില്ലായിരുന്നു. വനഭൂമി സർക്കാരിന്റേതായി വാദിക്കുമ്പോൾ ആ വനഭൂമിയിൽ ജീവിക്കുന്നവർ ആ ഭൂമിയുടെ കൈയ്യേറ്റക്കാരായി മാറി. രേഖകളില്ലാത്തവർക്ക് സ്വന്തം മണ്ണ് അന്യാധീനപ്പെട്ടു. വികസനത്തിന്റെ സൂചികകൾ പലതും പലർക്കും നഷ്ടപ്പെടുത്തിയപ്പോൾ ഏറ്റവും അധികം നഷ്ടങ്ങൾ സഹിക്കേണ്ടി വന്നത് ആദിവാസി സമൂഹത്തിനാണ്.

## ആദിവാസിയും ഭൂമിയും

പത്തനംതിട്ട ജില്ലയിൽ കൊറ്റനാട് ഗ്രാമപഞ്ചായത്ത് സ്വദേശിനി ഭാർഗവി എന്ന മുണ്ടവനചിന്നയ്ക്ക് നാലാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമേ ഉള്ളൂ. 15–ാം വയസ്സിൽ വിവാഹിതയായി. ഭർത്താവും നാലുകുട്ടികളും അടങ്ങിയ കുടുംബത്തിന്റെ കാര്യങ്ങൾ നോക്കുന്നതിനിടയിലും അവർ ചെറുത്തുനിൽപ്പിന്റെ ശബ്ദമായി മാറിയത് എങ്ങനെയെന്ന് നോക്കാം. സ്വന്തമായി ഒരു തുണ്ട് ഭൂമി ഇല്ലാതിരുന്ന സമയത്ത് തലചായ്ക്കാൻ ഒരിടത്തിനായി വനത്തിൽ ഷെഡ് കെട്ടി താമസം തുടങ്ങി. എന്നാൽ വനംകൈയ്യേറി എന്ന ആരോപണം ഉന്നയിച്ച് മേലധികാരികളുടെ ശിക്ഷണനടപടികൾക്ക് ഒരുകൂട്ടം കുടുംബങ്ങൾ വിധേയമായി. ഇതിന്റെ പേരിൽ 40 ദിവസം ജയിൽശിക്ഷ അനുഭവിക്കേണ്ടി വന്നതാണ് തുടർച്ചയായ പോരാട്ടങ്ങൾക്കു വഴിത്തിരിവായത്. ജയിലിൽ നിന്നും പുറത്തിറങ്ങിയപ്പോൾ വീട്ടിൽ നിന്നും സമൂഹത്തിൽ നിന്നും ഒട്ടേറെ എതിർപ്പുകളും, പരപുരുഷന്മാരുടെ പേരു ചേർത്തു അപവാദപ്രചരണങ്ങളും പരിഹാസങ്ങളും ഉണ്ടായി. ആദിവാസി സമൂഹത്തിന്റെ സദാചാരനിയമങ്ങൾ വ്യത്യസ്തമാണ്. എന്നാൽ ആദിവാസികളുടെ മുഖ്യധാരാവത്കരണം, ഊരുകളിലെ സദാചാരകണ്ണുകളും എതിർപ്പുകളു സാധാരണകാഴ്ചകളായി മാറ്റിയത് വികസന ഇടപെടലുകളുടെ പ്രശ്നങ്ങളെ ചൂണ്ടിക്കാട്ടുന്നു. തന്റേടി, കൊള്ളരുതാത്തവൾ എന്ന് സമൂഹം മുദ്രകുത്തി. ഇതെല്ലാം കേട്ട ഭർത്താവ് മർദ്ദനങ്ങളുടെ കെട്ടഴിച്ചു. ഭാർഗ്ഗവിയെ കിണറ്റിൽ തള്ളിയിട്ടു കൊല്ലാൻ ശ്രമിച്ചു. എന്നാൽ ചോരാത്ത ആത്മവീര്യത്തിൽ നിന്നുകൊണ്ട് അവർ ഭർത്താവിനെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തി, തുടർച്ചയായ പോരാട്ടങ്ങളിൽ പങ്കാളിയാക്കി.

അന്തിയുറങ്ങാൻ കിടപ്പാടമില്ലാത്ത സാഹചര്യത്തിൽ, നാല് കുഞ്ഞുങ്ങൾക്ക് രണ്ടുനേരം ഭക്ഷണം കൊടുക്കാൻ വകയുണ്ടാക്കാനായി മുതലാളിമാരുടെ പാടങ്ങളിൽ പണിക്കിറങ്ങി. എന്നാൽ അവിടെയും അർഹമായ കൂലി ലഭിച്ചില്ല. ഉള്ളിൽ മുതലാളിവർഗത്തിനെതിരെ ആളിക്കത്തുന്ന പ്രതികാരാഗ്നി അടുത്ത സമരത്തിലേയ്ക്ക് വഴിതെളിച്ചു. കൂടെ നിന്നവരെയും കൂട്ടി, മുതലാളിയുടെ പാടശേഖരത്തിൽ 20 ദിവസം തുടർച്ചയായി നെല്ലുകൊയ്യാതെയും കൊയ്യാൻ പുറത്തുനിന്ന് ആരെയും അനുവദിക്കാതെയും സമരം ചെയ്തു. ചെയ്ത സമരത്തിന് പകരം വീട്ടാനായി മേലാളന്മാർ, ഭാർഗ്ഗവിയെയും കൂട്ടരെയും തൊഴിലെടുക്കാൻ വിളിക്കാതെയായി. അവർ കുറഞ്ഞ കൂലിക്ക് പുറത്തു നിന്ന് ആളുകളെ കൊണ്ടുവന്നു. ഇതിനെതിരെ വീണ്ടും പ്രശ്നമുണ്ടാക്കി. മുതലാളിമാർ ഭാർഗ്ഗവിയെയും കൂട്ടരെയും ഇതിൽ നിന്നു പിന്തിരിപ്പിക്കാനായി കീഴ്വായ്പൂർ പോലീസിന്റെ സഹായം തേടുകയും കേസാക്കുകയും ചെയ്തു. സമീപ കുടുംബങ്ങളിൽ നിന്ന് പുരുഷന്മാരെ കസ്റ്റഡിയിലെടുക്കാൻ വരുമെന്ന വാർത്ത കേട്ട് ഭാർഗ്ഗവി തന്റെ സമീപത്തുള്ള 31 കുടുംബങ്ങളിലെ പുരുഷന്മാരെ ഒളിവിൽ താമസിപ്പിക്കുകയും അവർക്കും അവരുടെ കുടുംബത്തിനും ചെലവിനു കൊടുക്കുകയും ചെയ്തു. പിന്നീട് ഈ 31 പേരെയും സ്വന്തം കഴിവിൽ കീഴ്വായ്പൂർ സ്റ്റേഷനിൽ ഹാജരാക്കി കേസ് പിൻവലിക്കാനുള്ള

ശ്രമങ്ങൾ നടത്തി വിജയിച്ചു. അടുത്തതായി തന്റെ സമുദായത്തിൽപ്പെട്ട കയറ്റിറക്കു തൊഴിലാളികളെ ഉൾപ്പെടുത്താതെ യൂണിയൻ തൊഴിലാളികൾ തടികയറ്റുന്നത് ഭാർഗ്ഗവിയുടെ ശ്രദ്ധയിൽപ്പെട്ടു. സഹികെട്ട ഭാർഗ്ഗവി, യൂണിയൻ തൊഴിലാളികൾ പോയിക്കഴിഞ്ഞപ്പോൾ തടികയറ്റിയ ലോറിക്കരികിൽ എത്തി. കത്രിക ഉപയോഗിച്ച് വടം അറുത്ത് തടി മുഴുവൻ താഴെയിട്ടു. പിറ്റേദിവസം സ്വന്തം സമുദായത്തിൽപ്പെട്ടവരെ കൂടി ഉൾപ്പെടുത്തി പണിയെടുപ്പിക്കാനുള്ള നടപടികൾ കൈക്കൊണ്ടു.

ഒരു സ്ത്രീ പ്രതികരിക്കുമ്പോൾ തന്റേടിയാകുന്നു, അഹങ്കാരിയാകുന്നു. പുരുഷന് തന്റേടം അലങ്കാരവും, സ്ത്രീക്ക് തന്റേടം അപമാനവും ആകുന്ന കാഴ്ചപ്പാടുകളെ മറികടക്കാൻ പുത്തൻ തലമുറകൾക്കു കഴിയട്ടെ... പേരിനും പ്രശസ്തിക്കും വേണ്ടിയല്ല മറിച്ച് പ്രചോദനമാകാൻ മാത്രം..... അതിജീവനത്തിനുള്ള പോരാട്ടമാണ് മനുഷ്യനെ പോരാളിയാക്കുന്നത്. ഒരു സ്ത്രീ പ്രതികരിക്കുമ്പോൾ തന്റേടിയാകുന്നു, അഹങ്കാരിയാകുന്നു. പുരുഷന് തന്റേടം അലങ്കാരവും, സ്ത്രീക്ക് തന്റേടം അപമാനവും ആകുന്ന കാഴ്ചപ്പാടുകളെ മറികടക്കാൻ പുത്തൻ തലമുറകൾക്കു കഴിയട്ടെ... പേരിനും പ്രശസ്തിക്കും വേണ്ടിയല്ല മറിച്ച് പ്രചോദനമാക്കുവാൻ വേണ്ടി മാത്രം.....



എറണാകുളം വേങ്ങൂർ പഞ്ചായത്ത് സ്വദേശിനി. മിച്ചഭൂമി സമരത്തിൽ പ്രധാന പങ്കാളി. കക്ഷിരാഷ്ട്രീയത്തിനും ജാതി ചിന്തകൾക്കും അധീതമായി മനുഷ്യനെന്ന സത്യം കാണാൻ കണ്ണു തുറപ്പിച്ചവൾ. വിവാഹ ജീവിതം പോലും ഉപേക്ഷിച്ച് സാമൂഹ്യ പ്രവർത്തനങ്ങൾക്കായി സ്വന്തം ജീവിതം മാറ്റി വച്ച വ്യക്തിത്വം. തലാഖ് ചൊല്ലിയ മുസ്ലീം വനിതയ്ക്ക് ജീവനാംശം കിട്ടാനും, വിവാഹം കഴിഞ്ഞ ക്രിസ്ത്യൻ വനിതയ്ക്ക് കുടുംബത്തിൽ നിന്ന് അവകാശം ലഭിക്കാനും വർഷങ്ങൾക്കു മുമ്പേ പട പൊരുതിയവളാണ് കെ.കുട്ടി. പീഡനത്തിന് ഇരയാകുന്നവർ തെളിവുകൊടുക്കണമെന്ന കോടതി ഉത്തരവ് തിരുത്തിക്കുറിക്കാൻ സമരം ചെയ്തുകൊണ്ടും അവിവാഹിതയായിരിക്കെ അമ്മയാകേണ്ടി വന്ന സ്ത്രീകളെ സമൂഹം ഒറ്റപ്പെടുത്തുമ്പോൾ പുരുഷനേയും പ്രതി ചേർക്കണമെന്ന് പറഞ്ഞുകൊണ്ടും കുട്ടി അമ്മ നാവ് പടവാളാക്കി. കടുത്ത ദാരിദ്ര്യം നൽകിയ അതിജീവനത്തിന്റെ പോരാട്ടമായിരിക്കാം അവരുടെ വാക്കുകൾക്ക് മൂർച്ചയേകിയത്. വാക്കുകൾക്ക് വാളിനേക്കാൾ ശക്തിയുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിൽ കെട്ടടങ്ങാത്ത സമരാവേശവുമായി കുട്ടി അമ്മ പറയുന്നു. “ നന്ദി കുടുംബശ്രീ ............ നന്ദി .............. എന്നെ തിരിച്ചറിഞ്ഞതിന്. ..... എന്നെ അംഗീകരിച്ചതിന് ...”

## വേങ്ങൂരിന്റെ സ്വന്തം കുട്ടിയമ്മ

വേങ്ങൂർ പഞ്ചായത്തിൽ മനയ്ക്കക്കുടി കണ്ടോത്തി – കറുമ്പ ദമ്പതിമാരുടെ ഏഴുമക്കളിൽ ഏഴാമത്തെ പുത്രിയായി 1949 ഒക്ടോബർ 20–ാം തീയതി ജനിച്ചു. നാല് സഹോദരന്മാരും രണ്ട് സഹോദരിമാരുമാണ്. എല്ലാവരും കുട്ടിയമ്മ എന്നുവിളിക്കും. കർഷക തൊഴിലാളികളായ മാതാപിതാക്കളോടൊപ്പം കടുത്ത ദാരിദ്യത്തിലായിരുന്നു കുട്ടിയമ്മയുടെ ജീവിതം. 6–ാം വയസ്സിൽ സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു. വിദ്യാഭ്യാസത്തെക്കാൾ പ്രാധാന്യം കൃഷി മേഖലക്കായിരുന്നതിനാൽ കൂടുതൽ ശ്രദ്ധ കൃഷിപ്പണിയിൽ നൽകി. അതിന്റെ ഫലമായി 7–ാം ക്ലാസ്സിൽതോറ്റു. അതോടെ വിദ്യാഭ്യാസം ഉപേക്ഷിച്ച് കുട്ടിയമ്മ പൂർണ്ണമായും കൃഷിപ്പണിയിൽ ഏർപ്പെടാൻ തയ്യാറായി. എന്നാൽ സാധാരണയായി സ്ത്രീകൾ പുറത്തു പണിക്കു പോകുന്നത് നിരുത്സാഹപ്പെടുത്തിയ കാലഘട്ടമായിരുന്നതിനാൽ കടുത്ത പട്ടിണിയിലായാൽ പോലും അവർ പണിക്കറിങ്ങിയിരുന്നില്ല. കുട്ടിയമ്മ തന്റെ സഹോദരൻമാരുടെയും പിതാവിന്റെയും വിലക്കുകളെ ചോദ്യംചെയ്ത് സ്വന്തം ഇഷ്ടപ്രകാരം പുറത്തുപോയി പണിയെടുക്കാൻ തുടങ്ങി. ഇത്വീട്ടിലും നാട്ടിലും ഒരുപാട് വിമർശനങ്ങൾക്ക് വഴിയൊരുക്കി. സ്വന്തം സഹോദരൻമാർ സംസാരിക്കാതായി. ഇതൊന്നും വകവയ്ക്കാതെ കുട്ടിയമ്മയും.........

കുടിയേറ്റ ഭൂമിയിലായിരുന്നു കുട്ടിയമ്മയുടെയും കുടുംബത്തിന്റെയും താമസം. ഈ സമയത്താണ് വനം കുടിയേറ്റഭൂമി ഒഴിപ്പിക്കൽ നിയമംവന്നത്. ഇതിനെതിരെ അമ്പതിൽപരം കുടിയേറ്റ കുടുംബക്കാരെ സംഘടിപ്പിച്ച് സമരം ചെയ്യാൻ നേതൃത്വം നൽകി. 1977 വരെ കുടിയേറ്റ ഭൂമിയിൽ താമസിക്കുന്ന കുടുംബക്കാരെ ഒഴിപ്പിക്കരുതെന്ന 'കുടിയേറ്റ വിരുദ്ധനിയമം' നടപ്പിൽ വരുന്നതുവരെ പോരാടി. അക്കാലത്ത് ജാതിയിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകളിൽ അവിവാഹിതയായ അമ്മമാർ കൂടുതലായിരുന്നു. കുട്ടിയമ്മയുടെ കാഴ്ചപ്പാടിൽ "ഒരുസ്ത്രീ തെറ്റ്ചെയ്തെങ്കിൽ അതിനു കാരണക്കാരനായ പുരുഷനും തെറ്റുകാരൻ തന്നെ". എന്നാൽ ഇതിനു വേണ്ടി കോടതികളിൽ നിയമത്തിനായി കയറിയിറങ്ങിയ കുട്ടിയമ്മക്ക് കേൾക്കേണ്ടി വന്ന ന്യായം വേദനാജനകമായിരുന്നു. ബലാത്സംഗംചെയ്യപ്പെട്ട സ്ത്രീ തെളിവ് നൽകണം എന്നതായിരുന്നു ഉത്തരവ്. (അന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി ബഹു. ഗ്യാനിസെയിൽസിംഗ് ആയിരുന്നു) ഇതിന് എതിരെ പ്രമുഖരാഷ്ട്രീയ വനിതാ പ്രതിനിധികളുടെ കൂടെ എറണാകുളം ജില്ലയുടെ പ്രതിനിധിയായി സമരം ചെയ്യാൻ പാർലമെന്റ് ലക്ഷ്യംവെച്ച് കുട്ടിയമ്മയും യാത്രയായി. സ്ത്രീകളുടെ കൈയ്യും പാർലമെന്റ് ഗേറ്റിന്റെ ഇരുമ്പ് അഴികളും ചേർത്ത് ചങ്ങലകൊണ്ട് ബന്ധിച്ച്, "അറസ്റ്റ്ചെയ്ത് നീക്കാമെങ്കിൽ നീക്കിക്കോളൂ" എന്ന് പറഞ്ഞു കൊണ്ടായിരുന്നു സമരമുറ. സ്ത്രീകളുടെ സമരവീര്യത്തിനു മുന്നിൽ നിയമം തന്നെ മാറ്റി എഴുതപ്പെട്ടു. പീഡിപ്പിക്കപ്പെട്ട സ്ത്രീ പരാതി പറഞ്ഞാൽ കേസെടുക്കണമെന്നും, കുട്ടികൾക്ക് ജീവനാംശം നൽകണമെന്നും അനുശാസിക്കുന്ന നിയമം നിലവിൽ വന്നു.

അടുത്തതായി നേതൃത്വം നൽകിയത്, വിവാഹിതയായ സ്ത്രീകൾ നേരിടുന്ന പ്രശ്നത്തിനു വേണ്ടിയായിരുന്നു. മുസ്ലീംസ്ത്രീകളെ ‘തലാഖ്’ ചൊല്ലിക്കഴിഞ്ഞാൽ അവർക്ക് ജീവനാംശത്തിന് അർഹതയുണ്ടായിരുന്നില്ല. ക്രിസ്റ്റ്യൻ കുടുംബത്തിൽ നിന്ന് വിവാഹം കഴിച്ച് പോകുന്ന സ്ത്രീക്ക് വിവാഹശേഷം കുടുംബത്തിൽ അവകാശം ഒന്നും ഉണ്ടായിരുന്നില്ല. ഇപ്രകാരം പിതൃത്വം, കൂലി, അവകാശനിഷേധം തുടങ്ങിയ പ്രശ്നങ്ങളിൽ എല്ലാം തന്നെ സമരനായികയായി കുട്ടിയമ്മ ഉണ്ടായിരുന്നു.

1975 ൽ അടിയന്തിരാവസ്ഥകാലത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഫോറസ്റ്റ് ഉദ്യോഗസ്ഥരും, പോലീസും ഭീകരമർദ്ദനം ആരംഭിച്ചു. 300ൽ പരം സ്ത്രീകളെ സംഘടിപ്പിച്ച് ഭാരത ബന്ദ് ദിവസം തൊഴിൽ ഉടമ പാടത്ത് കൊയ്യാൻ ഇറക്കിയ ഗുണ്ടകളെ അടിച്ചോടിച്ച് പിറ്റേദിവസം കൊയ്ത്തിനിറങ്ങി. ഇതിന്റെ പേരിൽ കുട്ടിയമ്മയ്ക്കെതിരെ കേസ് എടുത്തു. പിന്നീട് ഉടമ തൊഴിലാളികൾക്ക് തന്നെ കൊയ്ത്തവകാശം നൽകി ഒത്തു തീർപ്പാക്കുകയും ചെയ്തു.

ക്ലാരസെകിതിന്റെയും റോസാലസ് ബർഗിന്റെയും നേതൃത്വത്തിൽ നടന്ന വനിതാദിന സെമിനാറുകളിൽ പങ്കെടുത്തും സ്ത്രീ വിമോചന പുസ്തകങ്ങൾ വായിച്ചും കുട്ടിയമ്മ തന്റെ സാമൂഹ്യപ്രവർത്തനങ്ങൾക്ക് വേണ്ട അറിവ് സമ്പാദിച്ചു. കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് നേടിയ ഗോദാവരി പാലേയ്ക്കറിന്റെ പുസ്തകവും കുട്ടിയമ്മയുടെ പ്രവർത്തനങ്ങൾക്ക് ഉത്തേജകങ്ങളായി. 15 വർഷം വേങ്ങൂർ പഞ്ചായത്ത് മെമ്പർ ആയും, ആദിവാസിമേഖലകളിലെ സ്ഥാപനങ്ങൾക്കും കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ നൽകിയും ജനപ്രതിനിധിയെന്ന നിലയിൽ അവർ ശോഭിച്ചു. ഇതിൽ എടുത്ത് പറയേണ്ടത് അംഗൻവാടി, ഏക അധ്യാപക വിദ്യാലയം എന്നിവയുടെ നിർമ്മാണമാണ്.

അനീതിയ്ക്കെതിരെ പോരാടുവാൻ.........,പാവപ്പെട്ടവന്റെ ശബ്ദമാകുവാൻ വൈവാഹിക ജീവിതം പോലും ത്യജിച്ച് സമര ചരിതങ്ങളുടെ തീപാറുന്ന കഥകൾ പറയുകയാണ് കുട്ടിയമ്മ......

മലപ്പുറം ജില്ലയിലെ വഴിക്കടവ് സ്വദേശിനി. നിശ്ചയദാർഢ്യമുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ദാരിദ്ര്യവും നിരക്ഷരതയും തടസ്സമല്ലെന്ന് തെളിയിച്ചവൾ. ശാക്തീകരണ പ്രവർത്തനങ്ങളുടെ പിൻബലമൊന്നുമില്ലാത്തവൾ. ആത്മബലവും പ്രതികരണശേഷിയും കൈമുതലാക്കി മദ്യമെന്ന സമൂഹ്യവിപത്തിനെ തുരത്തി ആനമറി പ്രദേശത്തെ ശ്രദ്ധേയമാക്കിയവൾ. ദാരിദ്ര്യവും രോഗവും തളർത്തുന്ന കുടുംബത്തിൽ നിന്ന് സ്കൂൾ കവാടത്തിൽ പോലും എത്തിപ്പെടാനുള്ള സാഹചര്യം ഇല്ലാതിരുന്നിട്ടും വാറ്റുചാരായ ഉത്പാദന–വിപണനത്തെ ഉന്മൂലനം ചെയ്യുവാൻ അഹോരാത്രം പ്രവർത്തിച്ച ഈ ധീരവനിതയുടെ മുന്നിൽ ആഭ്യസ്തവിദ്യർ പോലും നമ്രശിരസ്കരാകുന്നു. അദൃശ്യതയുടെയും നിശബ്ദതയുടെയും അന്ധകാരത്തിൽ നിന്നും ദൃശ്യതയുടെയും പ്രതിബദ്ധതയുടെയും വെളിച്ചം പകർന്ന് ഒരു കൊച്ചു ഗ്രാമത്തിന്റെ വിളക്കായി മാറി ഖദീജ. മതത്തിന്റെ മതിൽ കെട്ടുകൾ തകർത്ത് കൂട്ടായ്മയുടെയും സംഘശക്തിയുടെയും ബാല പാഠങ്ങൾ അഭ്യസിച്ച് പ്രവർത്തന മണ്ഡലത്തിൽ തന്റേതായ വ്യക്തിത്വം സ്ഥാപിച്ച ഈ നാട്ടിൻ പുറത്തുകാരിയെ നമുക്കൊരുമിച്ച് പരിചയപ്പെടാം..........

## ഗ്രാമത്തിന്റെ വെളിച്ചം

മലപ്പുറം ജില്ലയിലെ വഴിക്കടവ് പഞ്ചായത്തിലെ ആനമറി ചെക്ക് പോസ്റ്റിന് സമീപത്താണ് ഖദീജയുടെ വീട്. 55 വയസ്സു പ്രായമുള്ള ഖദീജ കൂലിപ്പണിക്കാരനായ ഉസ്മാന്റെ ഭാര്യയാണ്. 3 ആൺകുട്ടികളാണ് ഖദീജയ്ക്കുള്ളത്. ഇപ്പോൾ 3 പേരും വിവാഹിതർ. കാൻസർ രോഗിയായ മാതാവ് കൂടെയുണ്ട്. യാഥാസ്ഥിതിക മുസ്ലീം കുടുബത്തിൽ 3–ാമത്തെ മകളായി പിറന്ന ഖദീജ, തന്റെ ചേട്ടത്തിയുടെ ഭർത്താവുപേക്ഷിച്ചുപോയ സാഹചര്യത്തിൽ അവരുടെ കുഞ്ഞുങ്ങളെ പരിപാലിക്കാൻ വേണ്ടിയാണ് സ്കൂളിൽ പോകാതിരുന്നത്. വാടക വീടുകളിൽ നിന്നും വാടകവീട്ടിലേയ്ക്കുള്ള പ്രയാണവും സ്കൂൾ വിദ്യാഭ്യാസം നേടുന്നതിന് വിഘാതമായി. നിരക്ഷരതയും, ദാരിദ്ര്യവും ലക്ഷ്യം നേടുന്നതിന് തടസ്സമല്ലന്ന അഭിപ്രയത്തിൽ ഉറച്ചു നിന്നുകൊണ്ട് ഖദീജ താൻ ചെയ്തത പ്രവൃത്തിയുടെ വലിപ്പമറിയാതെ പോയി.

ആനമറി ചെക്ക്പോസ്റ്റിനു സമീപത്തായി എടക്കര സ്വദേശി എ.റ്റി. അബുബക്കറിന്റെ റബ്ബർതോട്ടമുണ്ട്. ഇതിനു സമീപത്തായി മൺപാത്രനിർമ്മാണം തൊഴിലാക്കിയ 8 കുടുംബങ്ങൾ താമസിക്കുന്നു. മൺപാത്രനിർമ്മാണത്തിന്റെ മറവിൽ ചാരായം വാറ്റായിരുന്നു ഇവിടെ നടന്നിരുന്നത്. എക്സൈസുകാരുടെ പരിശോധന ഭയന്ന് വാറ്റുകാർ തങ്ങളുണ്ടാക്കുന്ന ലഹരിപദാർത്ഥം സമീപത്തുള്ള റബ്ബർ തോട്ടത്തിൽ കുഴിച്ചിടുമായിരുന്നു. എന്നാൽ വൈകുന്നേരങ്ങളിൽ വിവിധ സ്ഥലങ്ങളിൽ നിന്നുള്ളവരെല്ലാം ഈ കേന്ദ്രത്തിലെത്തുകയും മദ്യപിക്കുകയും ചെയ്യുമായിരുന്നു. മദ്യപിച്ചശേഷം തെരുവോരങ്ങളിൽ വിവസ്ത്രരായി നടക്കുകയും അശ്ലീലം പറയുകയും ചെയ്യുന്നത് ശീലമായി. ഇതിന്റെയല്ലാം ഭാഗമായി സമീപത്തുള്ള കുടുംബങ്ങളിൽ യുവതി–യുവാക്കൾക്ക് വരുന്ന വിവാഹാലോചനകൾ പോലും നടക്കാതെയായി. അങ്ങനെ ആ പ്രദേശം വാറ്റുചാരായത്തിന് പേരുകേട്ടു.

ഇതെല്ലം സഹിക്കാവുന്നതിനപ്പുറമായിട്ടും മറ്റാരും പ്രതികരിക്കാതിരിക്കുന്നതു കണ്ട് അമർഷം കൊണ്ടു ഖദീജ. അയൽപക്കത്തുള്ള 3 സ്ത്രീകളെയും ചേർത്ത് (ഫാത്തിമ, സീനത്ത്, ഖദീജ) ഇതിനെതിരെ പ്രവർത്തിക്കാൻ ഒരുമ്പെട്ടിറങ്ങി. മതവും, യാഥാസ്ഥികത്വവും തീർക്കുന്ന മതിൽകെട്ടുകളെ തകർത്ത് തന്നോടൊപ്പം മറ്റു മൂന്നുപേരെ കൂടി അവർ അറിയാതെ തന്നെ ഈ ഒരു സാമൂഹ്യ മാറ്റത്തിനു അണി ചേർത്തതാണ് ഖദീജയുടെ നേട്ടം. സൗഹൃദങ്ങളെ സംഘശക്തിയാക്കി മാറ്റികൊണ്ട് വാറ്റുകേന്ദ്രത്തിലെ വീടുകളിൽ കയറി ചാരായം വാറ്റ് ആവർത്തിക്കരുത് എന്നും ആവർത്തിച്ചാൽ അറിയിക്കേണ്ട ഉദ്യോഗസ്ഥ തലത്തിലെല്ലാം അറിയിക്കുമെന്നും മുന്നറിയിപ്പ് നൽകി. ഇതൊന്നും ചെവിക്കൊള്ളാതെ ഖദീജയ്ക്കുനേരെ ഭീഷണി ഉയർത്തി വാറ്റ് അനസ്യൂതം തുടർന്നുകൊണ്ടിരുന്നു. മുന്നോട്ടു വച്ച കാൽ പിന്നോട്ടില്ല എന്നു തീരുമാനിച്ച ഖദീജയും കൂട്ടരും രാത്രികാലങ്ങളിൽ ചാരായത്തിന്റെ ഗന്ധത്തെ പിന്തുടർന്ന് റബ്ബർതോട്ടത്തിലൂടെ നടന്നു.. വാറ്റുശേഖരിച്ച കുടങ്ങൾ കുഴിച്ചിട്ട

സ്ഥലങ്ങൾ കണ്ടെത്തി.... മണ്ണുമാറ്റി പുറത്തെടുത്ത് നശിപ്പിച്ചു കളഞ്ഞു. അടുപ്പിൽ വാറ്റുന്നതിനായി വയ്ക്കുന്ന കൂട്ടുകൾ ധൈര്യസമേതം ചെന്ന് കമ്പ് വെച്ച് തച്ചുടച്ചു. എക്സൈസ് വകുപ്പിന്റെ പിൻബലത്തോടെയാണ് തങ്ങൾ വരുന്നത് എന്ന ഭാവത്തിലായിരുന്നു ആക്രമണം. എന്നാൽ ഉദ്യോഗസ്ഥവർഗത്തിൽ ഒരു വിഭാഗം നല്ല ആളുകൾ ഉണ്ടായിരുന്നെങ്കിലും, വാറ്റുകാരെ സഹായിക്കുന്ന ഒരു വിഭാഗം ഖദീജയുടെ പരിശ്രമത്തിന് വെല്ലുവിളിയായിരുന്നു. എങ്കിലും ഇതൊന്നും വകവയ്ക്കാതെ ചാരായം വാറ്റിനെ ഉന്മൂലനം ചെയ്യാൻ തന്നെ ഖദീജ തീരുമാനിച്ചു. 26 വയസ്സുള്ള മകൻ അഫ്സൽ പറയുന്നു, "ഞങ്ങൾക്ക് ഉമ്മ രാത്രിഭക്ഷണം പോലും എടുത്തുതരാൻ കുടുംബത്ത് ഉണ്ടാകില്ല, ഒരുപാട് കഷ്ടപ്പെട്ടു ഇതിനെ ഇവിടെ നിന്നും തുരത്താൻ" എന്ന്. ഖദീജയുടെ പ്രവൃത്തികളിൽ സഹികെട്ട വാറ്റുകാർ ഖദീജയ്ക്കെതിരെ തിരിഞ്ഞു. നിരക്ഷരത സാമൂഹ്യപ്രവർത്തനങ്ങൾക്ക് തടസ്സമല്ലെന്ന് തെളിയിച്ചുകൊണ്ട് ഖദീജ ഇവർക്കെതിരെ കേസ്സുകൊടുത്തു. 5 കേസിൽ 3 എണ്ണവും വാദിച്ച് വിജയിച്ചു. ഇനി 2 കേസ് കൂടി ഉണ്ട്. അത് നടത്തിക്കൊണ്ടിരിക്കുന്നു. കേസിനു പോകാൻ പണമില്ലെങ്കിലും എങ്ങനെയെങ്കിലും സംഘടിപ്പിച്ച് കേസ് നടത്തുകയും വിജയിക്കുകയും ചെയ്യുമെന്ന് നിശ്ചയ ദാർഢ്യത്തോടെ ഖദീജ പറയുന്നു. ഇന്ന് ആനമറി പ്രദേശത്ത് ചാരായം വാറ്റിനെ തീർത്തും ഉന്മൂലനം ചെയ്യാൻ ഖദീജയ്ക്ക് കഴിഞ്ഞു. ചാരായം വാറ്റിലേർപ്പെട്ടിരുന്നവരെല്ലാം ഇന്ന് കൂലിപ്പണിക്കാരായി മാറി. "കോടതി വിളിക്കുമ്പോ ഞാൻ ചെന്ന് കൂട്ടിൽ കേറി നിന്ന് എല്ലാം പറയും.... ഇന്ന് ഒക്കെ ഉഷാറായി..... ഇപ്പ ഞങ്ങളെ വീടുകളിലെ കല്യാണലോചനകൾക്ക് തടസ്സമൊന്നുമില്ല" എന്ന ഖദീജയുടെ വാക്കുകളിൽ ലക്ഷ്യപൂർത്തീകരണത്തിന്റെ നിർവൃതി പ്രതിഫലിച്ചിരുന്നു.



തൃശൂർ ജില്ലയിൽ വേലൂർ പഞ്ചായത്തിൽ വെള്ളറോട്ടിൽ രാമുവിന്റെയും ഭാര്യ മാളുവിന്റെയും ആറുമക്കളിൽ ഇളയവളായിരുന്നു മീനാക്ഷി. 1954–ൽ ചരിത്ര പ്രസിദ്ധമായ കനാൽ സമരത്തിലും, 1956 നടന്ന വേലൂർ മണിമലർക്കാവ് ക്ഷേത്രത്തിലെ മാറുമറയ്ക്കൽ സമരത്തിലും, പങ്കെടുത്ത ധീരവനിത.

സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ഒന്നും തന്നെ പ്രാബല്യത്തിൽ വന്നിട്ടില്ലാത്ത 1954–55 കാലഘട്ടത്തിൽ പട്ടിണി നൽകിയ തളർച്ചയെ അതിജീവിക്കാവാനുള്ള കരുത്ത് നേടിയവൾ...... അനാചാരങ്ങൾക്കെതിരെ പോരാടുവാനുള്ള തന്റേടം കൈമുതലാക്കിയവൾ..... സ്ഥായിയായ സാമൂഹ്യ മാറ്റങ്ങൾക്ക് ചുക്കാൻ പിടിച്ച് അതിൽ വിജയം നേടും വരെ പോരാടിയവൾ.

**അനാചാരങ്ങൾക്കെതിരെ പൊരുതിയവർ**

വെള്ളറോട്ടിൽ രാമുവിന്റെയും ഭാര്യ മാളുവിന്റെയും ആറുമക്കളിൽ ഇളയവളായിരുന്നു മീനാക്ഷി. അച്ഛൻ, അമ്മ, രണ്ടുസഹോദരൻമാർ, മൂന്നു സഹോദരിമാർ അടങ്ങുന്നതായിരുന്നു കുടുംബം. മീനാക്ഷിയും കനാൽപണിയ്ക്ക് പോകാൻ തീരുമാനിച്ചു. സഹോദരങ്ങളുടെയെല്ലാം വിവാഹം കഴിഞ്ഞപ്പോൾ രോഗിയായ അച്ഛനും, അമ്മയും മീനാക്ഷിയും തനിച്ചായി. 1954–55 കാലഘട്ടത്തിൽ കേവലം 15 വയസ്സ് മാത്രം പ്രായമുള്ള മീനാക്ഷി നാട്ടിലെ അനീതികളും അനാചരങ്ങളും കണ്ട് സഹികെട്ട് ഇരുന്നിരുന്ന കാലം. ഈസമയത്താണ് കനാൽ പണി നാട്ടിൽ വരുന്നത്. ഈ പണിയുടെ പ്രത്യേകത, രാവിലെ 6 മണിമുതൽ വൈകുന്നേരം 6 മണിവരെ പണിയെടുക്കണം. മാത്രമല്ല ആദ്യംവരുന്ന തൊഴിലാളികൾക്ക് മാത്രമായിരുന്നു പണിയായുധങ്ങൾ നൽകിയിരുന്നത്. അങ്ങനെ വരുമ്പേൾ പിന്നീട് വരുന്നവർക്ക് ആയുധങ്ങൾ ലഭിക്കുമായിരുന്നില്ല. ആയതിനാൽ തൊഴിലും ലഭിക്കില്ല. അയൽനാടുകളിൽ നിന്ന് തൊഴിലാളികളെ കൊണ്ടുവന്ന് വളരെ തുച്ഛമായ കൂലിയിൽ പണിയെടുപ്പിക്കുകയായിരുന്നു. പട്ടിണിയും ദാരിദ്ര്യവും കൊടികുത്തിവാഴുന്ന കാലം. പണിയ്ക്ക് ചെന്നപ്പോൾ പലദിവസങ്ങളിലും പണി ലഭ്യമാകാൻ വിഷമമായി. കാരണം പലദിവസങ്ങളിലും നേരത്തെ എത്താൻ കഴിയുന്നില്ല. നാട്ടിലെ പലകുടുംബങ്ങളിലും ഇതു തന്നെ അവസ്ഥ. അങ്ങനെ കൂലി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സമയം കുറയ്ക്കുന്നതിനും വേണ്ടിയാണ് കമ്മ്യൂണിസ്റ്റ് ചിന്തകനും മുൻ എം എൽ. എ.യും

ആയിരുന്ന ശ്രീ.എ.എസ് എൻ.നമ്പീശന്റെ നേതൃത്വത്തിൽ തൊഴിലാളികൾ അണിനിരന്നത്. ഒരു വീട്ടിൽ നിന്നും ഒരാളെങ്കിലും സമരത്തിനിറങ്ങാനുള്ള തീരുമാനമുണ്ടായി. മാതാപിതാക്കളുടെ എതിർപ്പുകളെ വകവയ്ക്കാതെ മീനാക്ഷിയും സമരത്തിനിറങ്ങാൻ തീരുമാനിച്ചു. വിവാഹം കഴിഞ്ഞിട്ടില്ല, ഇങ്ങനെ സമരത്തിനും മറ്റും നടന്നാൽ പെൺകുട്ടികളെ വിവാഹം ചെയ്യാൻ പുരുഷൻമാരാരും താൽപര്യപ്പെടുകയില്ല. അടക്കവും ഒതുക്കവും ഇല്ലാത്തവളെന്ന് സമൂഹം മുദ്രകുത്തും. ഇങ്ങനെ പല എതിർപ്പുകളും നാട്ടിലും വീട്ടിലും നേരിടേണ്ടിവന്നു. എന്തുവന്നാലും താനും ഈ തൊഴിലാളികളോടോപ്പം സമരത്തിലേർപ്പെടുന്നമെന്ന ഉറച്ച വിശ്വാസത്തോടെ സമരത്തിനിറങ്ങി. തൊഴിലാളികൾ തൊഴിലുപകരണങ്ങളുമെടുത്ത് മീനാക്ഷിയുടെ നേതൃത്വത്തിൽ പണിക്കിറങ്ങി. മറുനാടൻ തൊഴിലാളികളും പണിക്കിറങ്ങി. ആകെ സംഘർഷമായി. സ്ഥലത്ത് പോലീസെത്തുകയും തൊഴിലാളികളെയും നേതൃത്വം കൊടുത്ത എ.എസ്.എൻ നമ്പീശൻ മാസ്റ്ററെയും അനുയായികളെയും അറസ്റ്റ് ചെയ്തു ജയിലിലടക്കുകയും ചെയ്തു. അറസ്റ്റ് ചെയ്ത് കൊണ്ടുപോകുമ്പോൾ ക്രൂരമായ പീഡനം ഏൽക്കേണ്ടിവന്നു. എന്നിട്ടും സമരവീര്യം ചോർന്നില്ല, എന്നു മാത്രമല്ല, ആവേശം പതിൻമടങ്ങ് വർദ്ധിക്കുകയാണുണ്ടായത്. എട്ടു ദിവസത്തെ ജയിൽ വാസത്തിനുശേഷം മോചിതരായ ഇവരെ ലക്ഷക്കണക്കിനാളുകളാണ് വിവിധ വാദ്യഘോഷത്തോടുക്കൂടി എതിരേറ്റത്. ഈ സമരത്തിൽന്റെ ഭാഗമായി കൂലി വർദ്ധിപ്പിക്കുകയും, സമയദൈർഘ്യം കുറയ്ക്കുകയും മറുനാടൻ തൊഴിലാളികളെ നിർത്തലാക്കുകയും ചെയ്തു.

1956–ൽ ആണ് വേലൂരിലെ പ്രസിദ്ധമായ മാറുമറയ്ക്കൽ സമരം നടന്നത്. പതിനേഴും പതിനെട്ടും വയസ്സുള്ള സുന്ദരികളായ തരുണിമണികളുടെ നഗ്നമായ മാറിടം ആളിക്കത്തുന്ന തീപ്പന്തത്തിന്റെയും താലത്തിരികളുടെയും പ്രകാശത്തിൽ കണ്ടാസ്വാദിക്കുന്ന ഒരു കൂട്ടർ. മാറുമറയ്ക്കാതെയുള്ള ഈ നഗ്നതാ പ്രദർശനം ഭക്തിയുടെ ഭാഗമല്ലായിരുന്നു. പ്രമാണിമാരുടെ കാഴ്ചസുഖത്തിന് വേണ്ടിയായിരുന്ന്. ഇത് സ്ത്രീയുടെ ജന്മാവകാശത്തിന് നേരെയുള്ള കടന്നുകയറ്റമായിരുന്നു. ചിലരുടെ സ്വാർത്ഥ താൽപര്യത്തിന് വേണ്ടിയുള്ള ഈ അനീതിയും അനാചരങ്ങളും ഇനിയും വെച്ചുപൊറുപ്പിക്കാൻ പറ്റില്ല എന്ന ഉറച്ച തീരുമാനത്തോടെ ഒരു കൂട്ടം സ്ത്രീകൾ ഇറങ്ങിപ്പുറപ്പെട്ടു. പുരുഷവർഗ്ഗത്തിന് കണ്ടാസ്വാദിക്കുവാനുള്ള സ്ത്രീയുടെ നഗ്നത എന്ന തിരിച്ചറിവിൽ ഈ അഗ്നവിശ്വാസവും അനാചാരവും നിറുത്തണം. മാറുമറയ്ക്കാതെ കേരളത്തിൽ ഒരു പെണ്ണും ഒരു അമ്പലത്തിലും താലമെടുക്കരുത്. ഇതിന്റെ തുടക്കം വേലൂരിലെ മണിമലർക്കാവിൽ നിന്നാകണം എന്ന് സ്ത്രീകൾ തീരുമാനിച്ചു.

ഒരുപാട് എതിർപ്പുകൾ സമൂഹത്തിൽ നിന്നും ഉണ്ടായെങ്കിലും അതൊന്നും വകവെയ്ക്കാതെ അമ്പതോളം സ്ത്രീകൾ സംഘടിച്ചു. മാറുമറയ്ക്കാത്തവരുടെ ഇടയിലേക്ക് മാറുമറച്ചുകൊണ്ട് താലവുമായി കടന്നുചെന്നപ്പോൾ സമ്മിശ്രമായ പ്രതികരണമാണുണ്ടായത്. ചിലർ കൂക്കുവിളിച്ചു. ചിലർ കയ്യടിച്ചു. പോലീസുകാരുടെ ഭാഗത്തുനിന്ന് നല്ല സഹകരണമാണുണ്ടായത്. നിങ്ങൾ ധൈര്യമായി

മുന്നോട്ടുപൊയ്ക്കോളൂ, സഹായത്തിന് ഞങ്ങളുണ്ട് എന്ന് അറിയിച്ചു. എന്നാൽ മേളക്കാരും കോമരവും ഞങ്ങളോട് സഹകരിച്ചില്ല. മാറുമറച്ചുകൊണ്ട് ചെന്നവരെ കണ്ടപ്പോൾ മാറുമറയ്ക്കാതെ വന്നവർ അങ്കലാപ്പിലായി. കുറച്ചുപേർ താലം നിലത്തിട്ട് തിരിഞ്ഞോടി. കുറച്ചുപേർ താലവുമായി തിരക്കിട്ടു നടന്നു. പതിവിൻ പടി മൂന്നുതവണ ക്ഷേത്രം ചുറ്റുന്നതിനു പകരം ഒറ്റത്തവണ ചുറ്റി താലം ചൊരിഞ്ഞു. മാറുമറച്ച സ്ത്രീകളും വിട്ടുകൊടുത്തില്ല, അവരോടൊപ്പം ചൊരിഞ്ഞു. ഇതെല്ലാം നടക്കുമ്പോൾ പുരുഷൻമാർ കേവലം കാഴ്ചക്കാരായിരുന്നെങ്കിലും അവരുടെയെല്ലാം പിന്തുണ ഞങ്ങൾക്കുണ്ടെന്നു മനസ്സിലായി. വാർദ്ധക്യത്തിന്റെ അവശതകൾ മറന്ന് അമ്പത്തിയെട്ടാണ്ട് മുമ്പ് നടന്ന ചരിത്ര പ്രസിദ്ധമായ മാറുമറയ്ക്കൽ സമരത്തെക്കുറിച്ച് സംസാരിക്കുമ്പോൾ വെള്ളറോട്ടിൽ മീനാക്ഷിക്ക് യുവത്വം വിട്ടുമാറാത്ത സമരനായികമാരുടെ ആവേശമാണ്.

ഇതൊന്നും മീനാക്ഷിയുടെ വിവാഹത്തിനോ വിവാഹത്തിന് ശേഷമുള്ള ജീവിതത്തിനോ യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാക്കിയില്ല.

1956–ലെ മാറുമറയ്ക്കൽ സമരം, ചരിത്രത്തിലെ ഒരു സംഭവം മാത്രമായിരുന്നില്ല. അതൊരു മാറ്റത്തിനും തുടക്കം കുറിച്ചു. അന്നവിടെ വെച്ചുണ്ടാക്കിയ കരാർപ്രകാരം പിന്നീടൊരിക്കലും മണിമലർക്കാവിൽ മാറുമറയ്ക്കാതെ സ്ത്രീകൾ താലമെടുത്തിട്ടില്ല ഇന്നും അത് തുടരുന്നു.



ബ്രിട്ടീഷ് ആധിപത്യ കാലഘട്ടത്തെപ്പോലെ ക്രൂരമായ പീഡനത്തിന് അധ.സ്ഥിത വർഗ്ഗം പാത്രീഭവിച്ച ഒരു കാലഘട്ടമായിരുന്നു ജൻമി–കുടിയാൻ വ്യവസ്ഥിതി. പകലന്തിയോളം പാടത്ത് പണിയെടുത്തുവരുന്ന പാവങ്ങൾക്ക് അവകാശപ്പെട്ട കൂലി നൽകാതെ തുടർന്നുപോന്ന അവകാശ നിഷേധത്തെ ചോദ്യം ചെയ്തുകൊണ്ടാണ് വെള്ളിശ്രാങ്കൽ സമരത്തിലൂടെ ആലപ്പുഴ സ്വദേശിയായ കുഞ്ഞമ്മ ശ്രദ്ധേയയാകുന്നത്.

പ്രജകൾക്ക് ക്ഷേമപ്രവർത്തനങ്ങൾ ചെയ്തു നൽകേണ്ടവരാണ് ഭരണാധികാരികൾ. അവരുടെ പാടശേഖത്തിൽതന്നെ സമരത്തിനിറങ്ങേണ്ടി വന്ന സാഹചര്യവും, അതിനെ അടിച്ചമർത്താൻ അവർ തങ്ങളുടെ അംഗബലം ഉപയോഗിച്ചതും ഈ സമരത്തിന്റെ തീവ്രത വർദ്ധിപ്പിക്കുന്നു. എന്നാൽ വിജയം വരെ പോരാടുകയും, പോരാടി നേടിയ നേട്ടത്തെ നിലനിർത്തുകയും ചെയ്തു കുഞ്ഞമ്മ. കാലം വാർത്തെടുത്ത അനേകം പ്രതിഭകളുടെ ഇടയിൽ ശ്രദ്ധിക്കപ്പെടാതെ പോയ ഈ വനിതയെ നമുക്ക് വെള്ളിശ്രാങ്കൽ സമരനായിക എന്ന നിലയിൽ ആദരിക്കാം.

## വെള്ളിശ്രാങ്കലിന്റെ സമരമുഖത്ത്

കൊല്ലവർഷം 1118 കന്നി പതിനാലാം തീയതി വെളയനാട് അച്ഛന്റെ ചിറയിൽ കർഷകതൊഴിലാളി കുടുംബത്തിൽ നാരായണന്റേയും കുഞ്ഞുക്കുട്ടിയുടേയും രണ്ടാമത്തെ മകളായായിട്ടാണ് കുഞ്ഞമ്മയുടെ ജനനം. അവരുടെ പന്ത്രണ്ടാമത്തെ വയസ്സിൽ കർഷകവേലയ്ക്കായി പാടത്തിറങ്ങേണ്ടി വന്നു. അന്നത്തെ കൂലി അഞ്ചു കൂലിയാൾ നെല്ലായിരുന്നു. ഉദ്ദേശം അഞ്ചു നാഴി നെല്ല്. അഞ്ചു പേരടങ്ങിയിരുന്ന സംഘമായിരുന്നു പാടത്തിറങ്ങിയിരുന്നത്. എല്ലുമുറിയെ പണിയെടുത്തിട്ടും അർഹമായകൂലി കിട്ടാത്തതിൽ രോഷം കൊണ്ടുകൊണ്ടാണ് എന്നും പാടത്തിറങ്ങിയിരുന്നത്.

കൊയ്ത്ത് പതം ആയി ലഭിച്ചിരുന്നത് പത്തിന് ഒന്ന് എന്ന കണക്കിനായിരുന്നു. അതും "പേറ്റിയിരുന്ന പതിരുള്ള ഭാഗമായിരുന്നു" കൂലിയായി തന്നിരുന്നത്. ഇതിന് ഒരു പരിഹാരം കാണണം എന്ന് കുഞ്ഞമ്മയും കൂട്ടരും തീരുമാനിച്ചു. എട്ടിനൊന്ന് പതവും, തീർപ്പും തങ്ങൾക്ക് ലഭിക്കണമെന്ന അവകാശവാദമുന്നയിക്കുവാൻ കുഞ്ഞമ്മയും കൂടെയുള്ള സ്ത്രീജനങ്ങളും ഉദ്ദേശം ഇരുപതോളം വരുന്ന പുരുഷൻമാരും അന്ന് നിലം ഉടമയായിരുന്ന കെ.എം.കോരയുടെ സമീപമെത്തി. സി.കെ.കേശവന്റെ മന്ത്രിസഭയിലെ മുൻ ഭക്ഷ്യ മന്ത്രിയായിരുന്നു കെ.എം.കോര. പാടത്ത് കൊയ്ത്തുതുടങ്ങുന്നതിനു മുൻപ് അവർ അവരുടെ ആവശ്യം അറിയ്ക്കുകയും അപേക്ഷിക്കുകയും ചെയ്തു.

എന്നാൽ കെ എം കോരമുതലാളി പത്തിനൊന്ന് പതം (പത്ത് പറ നെല്ലിന് ഒരു പറ നെല്ല്) മാത്രമേ കൊടുക്കൂ, തീർപ്പ് കൊടുക്കില്ല എന്ന് വാശിപിടിച്ചു. കുഞ്ഞമ്മയും കൂട്ടരും പിന്നേട്ടുമാറാൻ തയ്യാറായില്ല. തങ്ങളുടെ ആവശ്യം നേടിയെടുത്തേ പിൻമാറൂ എന്ന് ഉറച്ച് തീരുമാനിച്ചുകൊണ്ട് സമരത്തിന് തയ്യാറെടുത്തു.

പിറ്റേന്ന് 1955 ഫെബ്രുവരി 19–ാം തീയതി രാവിലെ വെള്ളിശ്രാങ്കൽ പാടത്ത് സമരരീതിയുമായി ചെന്ന അവരെ എതിരേറ്റത് ഇരുപതോളം വരുന്ന പോലീസുകാരായിരുന്നു. സമരക്കാരെ അവർ ഓടിച്ചിട്ട് അടിക്കാൻ തുടങ്ങി. എങ്കിലും അവർ പിൻമാറിയില്ല. പതിനൊന്നു സ്ത്രീകളേയും ഇരുപതു പുരുഷൻമാരേയും പോലീസ് അറസ്റ്റു ചെയ്തു. ചങ്ങനാശ്ശേരി പോലീസ് ലോക്കപ്പിലിട്ടു. ഓരോരുത്തരേയും എസ്.ഐ. മുറിയിൽ വിളിപ്പിച്ചു. കൊടിയ മർദ്ദന മുറകളായിരുന്നു അവിടെ അവർക്ക് നേരിടേണ്ടി വന്നത്. ആൺ–പെൺ വ്യത്യാസമില്ലാതെ ഇരുമ്പുദണ്ഡ് ഉപയോഗിച്ചായിരുന്നു മർദ്ദനം. എങ്കിലും അവരുടെ വീര്യം തണുത്തുപോയില്ല. ലോക്കപ്പിൽ കിടന്നു മരിച്ചാലും കുഴപ്പമില്ല, ദാരിദ്ര്യം അനുഭവിക്കുന്ന കർഷക തൊഴിലാളികളുടെ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെന്ന് മാത്രമായിരുന്നു ലക്ഷ്യം. ഒരാഴ്ചക്കാലം ലോക്കപ്പിൽ മർദ്ദനമേറ്റു കിടന്നു. അവസാനം പിന്തിരിയാതെ ആയപ്പോൾ കോര മുതലാളി ഒത്തുതീർപ്പിനായി മുന്നോട്ടു വന്നു. അവർ ആവശ്യപ്പെട്ട കൂലി തന്നെ നൽകാമെന്ന് ഏറ്റു. ഇത് നൽകുന്നതിന് സർക്കാരിൽ നിന്നും

തീരുമാനമുണ്ടാക്കുകയും ചെയ്തു. ടി. വി. തോമസ്, പി. റ്റി. പുന്നൂസ് എന്നിവർ പോലീസ് സ്റ്റേഷനിൽ എത്തി അവരെ ജാമ്യത്തിൽ നിന്നും ഇറക്കുകയും ചെയ്തു. ആ സമരത്തോടുകൂടി എട്ടിലൊന്ന് പതവും പതത്തിന്റെ നാലിൽ ഒന്നു പതത്തിന് തീർപ്പും കർഷകതൊഴിലാളിക്ക്  ലഭിച്ചു. മർദ്ദനം നൽകിയ വേദനയെക്കാൾ തീവ്രതയുണ്ടായിരുന്നിരിക്കണം ലക്ഷ്യം നേടിയ കണ്ണുകൾക്ക്.  അങ്ങനെ എന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്ന വെള്ളിശ്രാങ്കൽ സമരം ചരിത്രത്തിന്റെ ഏടുകളിൽ തുന്നിച്ചേർത്തു.  കൂടെ കുഞ്ഞമ്മച്ചേച്ചിയെയും .......



കോട്ടയം ജില്ലയിലെ കുമരകം ഗ്രാമപഞ്ചായത്തിലെ 13–ംവാർഡിൽ പുത്തൻപുര വീട്ടിൽ രാമൻകുട്ടി – കുഞ്ഞമ്മ ദമ്പതികളുടെ മകളായി 1934 – ൽ ജനിച്ച ശ്രീമതി. വാസന്തി സദാശിവൻ – പരിസ്ഥിതി പ്രവർത്തക, ടീച്ചേഴ്സ് ട്രെയിനിംഗിന് കേരളത്തിൽ നിന്ന റാങ്ക് ലഭിച്ച ആദ്യവനിത, വനിതാ യൂണിറ്റിന്റെ ബ്ലോക്ക്തല പ്രസിഡന്റ്, എസ്. എൻ. വി. യുടെ സെക്രട്ടറി, മറാഠി സ്കൂൾ അദ്ധ്യാപിക, ബി. എസ്. എസി. ന്റെ ചീഫ് ഓർഗനൈസർ, ബെസ്റ്റ് ട്രെയിനിംഗ് കോഴ്സിനുള്ള (ജവഹർലാൽ നെഹ്റുവിന്റെ കൈയ്യിൽ നിന്നും) അവാർഡ് ജേതാവ്, സാമൂഹ്യ പ്രവർത്തക, കുടുംബശ്രീ പ്രവർത്തക എന്നീ നിലകളിൽ സ്ഥാനമുറപ്പിച്ചു.

സാമൂഹ്യസേവനം ജീവിത ലക്ഷ്യമാക്കി ഇന്ത്യയിലെ ദുരിതം അനുഭവിക്കുന്നവർക്കിടയിലേയ്ക്ക് ചെറുപ്രായത്തിൽ തന്നെ ഇറങ്ങിത്തിരിച്ച കേരളീയ വനിത. “പെൺകുട്ടികൾക്ക് വിദ്യാഭ്യാസം” നിഷേധിച്ചിരുന്ന കാലഘട്ടത്തിലും വിദ്യാസമ്പന്നയാകാനും പ്രവർത്തനത്തിൽ മാതൃകാപരമായ നേട്ടം കൈവരിക്കാനും സാധിച്ചതിൽ ഓരോ സ്ത്രീയും അഭിമാനം കൊള്ളുന്നു.

അനാരോഗ്യം വകവയ്ക്കാതെ സാമ്പത്തിക നേട്ടത്തിൽ കണ്ണുവയ്ക്കാതെ നിസ്തുലമായ സാമൂഹ്യസേവനം ചെയ്യുന്ന വ്യക്തി. വിശ്വാസങ്ങൾ അന്ധവിശ്വാസങ്ങളായി മാറുമ്പോൾ ഉണ്ടാകുന്ന വിപത്തുകളെ ചൂണ്ടിക്കാട്ടാൻ ധൈര്യം കാണിച്ചുകൊണ്ട് ഇന്നും സജീവ സാമൂഹ്യ പ്രവർത്തനത്തിൽ മുഴുകിയ ഈ ധീരവനിതയെ സമൂഹം തിരിച്ചറിയാതെ പോകുന്നു...

## ഭൂദാൻ പദയാത്രിക

എൺപതുകാരിയായ വാസന്തി സദാശിവൻ കഴിഞ്ഞ കാലജീവിതത്തിൽ തനിക്ക് ചെയ്യാൻ കഴിഞ്ഞത് ഓർമ്മയിൽ നിന്നും ചികഞ്ഞെടുത്ത് പറയുകയുണ്ടായി. രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ രണ്ട് രൂപാ നാണയം പുസ്തക താളുകളിൽ ഒളിപ്പിച്ച്വച്ചതുകൊണ്ട് അച്ഛന്റെ കയ്യിൽ നിന്നും തല്ലുവാങ്ങിയത് ഓർമ്മിച്ചു കൊണ്ടായിരുന്നു ജീവിതയാത്ര. ക്ഷേത്രക്കുളത്തിൽ നിന്നും വെള്ളം കോരിയതിന് "കുളം ശുദ്ധികലശം"ചെയ്യണമെന്ന് ആവശ്യപ്പെട്ട ക്ഷേത്രാധികാരികളോട് ശക്തമായി പ്രതികരിച്ച് കൊണ്ട് മുന്നേറിയ കൊച്ചുപെൺകുട്ടി. സമൂഹത്തിലെ അനാചാരനുഷ്ഠാനങ്ങൾ ജാതിമത വിവേചനങ്ങൾ തീവ്രമാക്കും. അത് മനസാക്ഷിക്ക് തന്നെ ദോഷകരമാക്കുന്ന രീതിയിൽ സമൂഹം അധ:പതിച്ചാൽ–ഒരിക്കലും ഈ രീതിക്ക് മാറ്റം ഉണ്ടാകില്ലായെന്ന് തിരിച്ചറിയാൻ തുടങ്ങി. അമ്പലത്തിൽ പോയി ദക്ഷിണ വയ്ക്കുന്നതിനും, പൂജാദ്രവ്യങ്ങൾ അർപ്പിക്കുന്നതിനും അയിത്തമില്ല. ക്ഷേത്രകുളത്തിൽ നിന്നും വെള്ളമെടുക്കുന്നതിനും ക്ഷേത്രത്തിൽ കയറുന്നതിനും അയിത്തം. ഇതിനെതിരെ ശബ്ദമുയർത്തിയില്ലെങ്കിൽ താൻ ആരുമല്ലായെന്നുള്ള തോന്നലാണുണ്ടായത്. രണ്ട് സഹോദരിയും ആറ് സഹോദരൻമാരുമുള്ള കുടുംബത്തിൽ നിന്ന് ഒരു പെൺകുട്ടി ശബ്ദിക്കുന്നത് അംഗീകരിക്കാൻ ആർക്കും കഴിഞ്ഞില്ല. കുടുംബവും സമൂഹവും നന്നായി എതിർത്തു. എങ്കിലും പിന്നോട്ട് പോയില്ല. മഹാത്മജിയുടെയും, ശ്രീനാരായണ ഗുരുവിന്റെയും ജീവിത ദർശനങ്ങളിൽ ചെറുതായിരിക്കുമ്പോൾത്തന്നെ ആകൃഷ്ടയായിരുന്നു.

എസ്. എസ്. എൽ. സി. കഴിഞ്ഞ് ഉപരിപഠനം വേണ്ടെന്ന് വച്ച് വീട്ടുകാരുടെ നിബന്ധനകൾക്ക് വഴങ്ങാതെ മൂന്ന് ദിവസത്തെ നിരാഹാരം നടത്തി സേവാഗ്രാമിലെ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന് പോകുകയായിരുന്നു. അന്നത്തെ കാലത്ത് പെൺകുട്ടികളെ ദൂരദേശത്ത് സഞ്ചരിക്കാൻ അനുവദിക്കില്ലായിരുന്നു. 1955 – ൽ വിനോബാഭാവയുടെ നേതൃത്വത്തിൽ കന്യാകുമാരിയിൽ നിന്നും ആരംഭിച്ച ആൾ ഇന്ത്യ ഭൂദാൻ പദയാത്രയിൽ 6 മാസം തുടർച്ചയായി പങ്കെടുത്തു. കുടുംബത്തിലുള്ളവരും ബന്ധുക്കളും സമൂഹവും എതിർത്തപ്പോഴും അച്ഛൻ മാത്രം പ്രോത്സാഹിപ്പിച്ചിരുന്നു. മറ്റ് സഹോദരങ്ങളിൽ നിന്ന് വ്യത്യസ്തമായി സമൂഹത്തിന് നന്മ ചെയ്യണം എന്ന തോന്നലുണ്ടായതു തന്നെ ചുറ്റുപാടുകളിൽ കണ്ടതും അനുഭവിച്ചതുമായ അനീതി മൂലമായിരുന്നു. ഭൂദാൻ പദയാത്രയ്ക്കിടയിൽ ഭയത്തോടെയും അഭിമാനത്തോടെയും ഓർക്കുന്നത് ക്രോസിലൂടെയുള്ള യാത്രയായിരുന്നു. നന്നേ ചെറുപ്പമായിരിക്കുന്ന അവർ കൊലയാളികൾ ഒളിഞ്ഞിരിക്കുന്ന കുറ്റിക്കാട്ടിലൂടെ കുതിരവണ്ടിയിൽ 5 കിലോമീറ്റർ ദൂരം സഞ്ചരിച്ചു. വണ്ടിക്കാരൻ ഇടയ്ക്കിടെ കൊലപാതകികളെക്കുറിച്ച് ഓർമപ്പെടുത്തിക്കൊണ്ടിരുന്നു. അതുകേട്ട് ഭയം തോന്നിയെങ്കിലും പുറമെ കാണിക്കാതെയായിരുന്നു യാത്ര. ആന്ധ്രവരെ പങ്കെടുക്കുവാനും, ഡോക്ടർ രാജേന്ദ്ര പ്രസാദുമായി അഭിമുഖം നടത്തുവാനും കഴിഞ്ഞു. പദയാത്രയിലൂടെ ആന്ധ്രാപ്രദേശിൽ എത്തി ചേരികൾ സന്ദർശിച്ച് ശുചിത്വത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുവാനും സാധിച്ചു.

ഇത്തരം പ്രവർത്തനങ്ങൾക്കിടയിലും സ്വന്തം കുടുംബത്തിനുള്ളിലും, ബന്ധുക്കളിൽ നിന്നും, സമൂഹത്തിൽ നിന്നും ഉയർന്ന എതിർപ്പുകളും, അവഹേളനങ്ങളും, അവഗണനയും, ശകാരവും ഒക്കെ മറന്നുകൊണ്ട് തന്റെ ചുറ്റുപാടിൽ നിലനിൽക്കുന്ന അനീതിക്കെതിരെ പോരാടണമെന്ന് ഉറച്ച് വിശ്വസിച്ചു കൊണ്ട് മുന്നേറുകയായിരുന്നു. ഓർമ്മയിൽ തങ്ങിനിൽക്കുന്ന പ്രധാന സംഭവം ബനാറസിൽ വച്ച് ട്രെയിനിംഗിനിടെ തന്റെ സഹപാഠിയോട് മോശമായി പെരുമാറിയ പഞ്ചാബിയെ മർദ്ദിച്ചതിന് ക്ലാസ്സിൽ നിന്നും പുറത്താക്കിയതാണ്. ആയിടയ്ക്ക് ബനാറസിൽ ഒരു ദിവസം കുറഞ്ഞത് 150 പേരെങ്കിലും കോളറ ബാധിച്ച് മരണപ്പെടുന്നത് വേദനാജനകമായ കാഴ്ചയായിരുന്നു. ഒരു സ്ഥലത്ത് പാവപ്പെട്ട ജനങ്ങൾ മൃതശരീരങ്ങൾ പുണ്യ നദിയെന്ന് കരുതുന്ന ഗംഗയിൽ ഒഴുക്കി വിടുന്നതും, മറുസ്ഥലത്ത് ഇതേ ഗംഗയെ പുണ്യനദിയെന്ന് വിശ്വസിച്ച് അതിൽ നിന്നും ജലപാനം നടത്തുന്നതും വല്ലാത്തൊരു മാനസികാസ്വസ്ഥതയായി വാസന്തിക്ക് അനുഭവപ്പെട്ടു. ഇക്കാര്യം ഗ്രാമവാസികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വളരെയധികം പരിശ്രമിക്കേണ്ടി വന്നു.

കോളറ ബാധിതരായവരെ പരിചരിച്ചതും, 16 ദിവസം മാത്രം പ്രായമുള്ള ഒരു കുട്ടിയെ സ്വന്തം കുട്ടിയായി കണ്ട് സംരക്ഷിക്കാൻ കഴിഞ്ഞതും വലിയൊരു ചാരിതാർത്ഥ്യമായി അവരുടെ മുഖത്തെ പ്രസന്നതയിൽ തെളിഞ്ഞ് കണ്ടു. തിരുവനന്തപുരത്ത് വിതുര വിനോബാനികേതനിൽ എത്തി. ഭാരത് സേവാസംഘിന്റെ ചീഫ് ഓർഗനൈസർ ആയി പ്രവർത്തിച്ചു. ഈ കാലയളവിലാണ് കൈത്തറി വസ്ത്രം ഉപയോഗിക്കാനായി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചത്. അത് വലിയൊരു വിജയമായിരുന്നു. സ്വദേശത്ത് ഉണ്ടാക്കുന്ന വസ്ത്രം പ്രചരിപ്പിക്കുമ്പോൾ വസ്ത്രം നെയ്യുന്ന കുടുംബങ്ങളുടെ പട്ടിണികൂടി മാറികിട്ടും. ആ ലക്ഷ്യം ഫലപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞു.

വനിതാ യൂണിറ്റിന്റെ ബ്ലോക്കുതല പ്രസിഡന്റായിരിക്കുമ്പോഴായിരുന്നു സദാശിവനുമായുള്ള വിവാഹം. വിവാഹ ജീവിതത്തിനിടയിലും പ്രവർത്തന രംഗങ്ങളിൽ നിന്നും പിൻതിരിയാതെ സമൂഹത്തിലെ അനീതിക്കും അതിക്രമത്തിനും എതിരെ ഏത് പ്രതിസന്ധിയും തരണം ചെയ്ത് മുന്നേറുവാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിനോടൊപ്പം ഔഷധകൃഷിയും, പലവിധ പച്ചക്കറികൃഷിയും കൂടാതെ ഒരു മുഴുവൻ സമയ കുടുംബശ്രീ പ്രവർത്തകയുമായി ഇപ്പോൾ ജീവിതം നയിക്കുന്നു. സമൂഹ്യ തിന്മകളിൽ പ്രതികരിക്കാനും കരുത്തും പ്രാപ്തിയും നേടാനും ഒരു സാധാരണ സ്ത്രീയ്ക്ക് കഴിയും എന്ന് തെളിയിക്കുകയായിരുന്നു വാസന്തിടീച്ചർ എന്ന വാസന്തി സദാശിവൻ.



തൃശൂർ ജില്ലയിലെ അതിരപ്പിള്ളി സ്വദേശിനി. ആദിവാസി മേഖലയിലെ കാടർ വിഭാഗത്തിൽപ്പെട്ട രാമകൃഷ്ണന്റെയും നീലമ്മയുടെയും ഇളയ മകളാണ് മഞ്ജു. ക്ലേശകരമായ ജീവിതസാഹചര്യത്തിലും തന്റെ മുന്നിൽവന്നുപെടുന്ന പ്രശ്നങ്ങൾക്ക് കൈയും മെയ്യും മറന്ന് പ്രവർത്തിക്കാൻ ജീവിതം തന്നെ പരിശീലനമാക്കിയവൾ. അംഗീകാരത്തിനും പ്രശസ്തിക്കുപരിയായി താൻ ചെയ്യുന്ന നല്ല കാര്യങ്ങൾ മറ്റുള്ളവർക്ക് പ്രചോദനമാകണമെന്ന് വിശ്വസിച്ചുകൊണ്ട് ഗോത്രവർഗ്ഗത്തിൽ നിന്നും പുറംലോകത്തെ സാമൂഹ്യപ്രവർത്തനങ്ങളിലേയ്ക്ക് യാദൃശ്ചികമായി എത്തിപ്പെട്ടവൾ. ചെയ്തുപോയ നല്ല കാര്യങ്ങളുടെ ആത്മനിർവൃതിയിൽ... നമ്മളിലൊരാളായി മാറുന്നു.......... മാനവസേവ കർമ്മപഥത്തിലൂടെ തെളിയിക്കുന്നതിന്.... ദാരിദ്ര്യം നൽകുന്ന വിലക്കുകളെ പൊട്ടിച്ചെറിഞ്ഞ് ഇനിയുമുണ്ട് ഒത്തിരി കാര്യങ്ങൾ ചെയ്തു തീർക്കുവാൻ എന്ന് ഓർമ്മപ്പെടുത്തികൊണ്ട്... മഞ്ജു നമ്മുടെ കൂടെ.......

## കാടാറിന്റെ അമ്മ

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ വാച്ചുമരം ആദിവാസി കോളനിയിലെ രാമകൃഷ്ണന്റേയും നീലമ്മയുടേയും ഇളയമകളാണ് മഞ്ജു. ആദിവാസി മേഖലയിലെ കാടർ വിഭാഗത്തിൽപ്പെട്ട മഞ്ജുവിന്റെ കുടുംബം നഗരപ്രദേശത്തിൽ നിന്നും ഏറെ മാറി അതിരപ്പിള്ളിയിലെ ആനക്കയം കോളനിയിലാണ് താമസം. അതുകൊണ്ട് തന്നെ പരിമിതികൾ ഏറെയായിരുന്നു.

മൂന്നുമക്കളിൽ ഇളയവളായ മഞ്ജുവിന്റെ വിവാഹം 12-ാം വയസ്സിലായിരുന്നു. പക്വതയില്ലാത്ത പ്രായത്തിൽ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിൽ ഏറെ കഷ്ടപ്പെട്ടു. 26 വയസ്സ് പ്രായമുള്ള മഞ്ജുവിന് പ്രായമായ രണ്ട് പെൺകുട്ടികൾ, വയസ്സായ അമ്മ, മാനസികരോഗിയായ സഹോദരൻ, സഹോദരി, സഹോദരിയുടെ രണ്ടു മക്കൾ എന്നിവരാണ് കുടുംബത്തിലെ മറ്റംഗങ്ങളായിട്ടുള്ളത്. 22-ാം വയസ്സിൽ ഭർത്താവ് ഉപേക്ഷിച്ചു പോയ മഞ്ജു ദാരിദ്രത്തിന്റെ നടുവിൽ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഏറെ ബുദ്ധിമുട്ടി. ഈ അവസരത്തിലാണ് എഡിഎസ് ഭാരവാഹിയായ അവർ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ചെയർപേഴ്സനായി തെരഞ്ഞെടുക്കപ്പെട്ടത്. ചെയർപേഴ്സനായി തെരഞ്ഞെടുത്തുവെങ്കിലും സാമൂഹ്യ പ്രവർത്തനങ്ങളെക്കുറിച്ച് യാതൊരു മുൻപരിചയവും ഉണ്ടായിരുന്നില്ല, എങ്കിലും ധൈര്യത്തോടെ മുന്നോട്ടിറങ്ങി.

ഒരു ദിവസം വെളുപ്പിന് 4 മണിക്ക് അയൽവാസിയായ യുവാവ് മഞ്ജുവിന്റെ കുടിലിന്റെ മുമ്പിൽ വന്നു നിന്ന് സഹായമഭ്യർത്ഥിച്ചു. തന്റെ ഭാര്യ പ്രസവവേദനകൊണ്ട് പുളയുകയാണെന്നും അവളെ രക്ഷിക്കണമെന്നും പറഞ്ഞുകൊണ്ടായിരുന്നു കരച്ചിൽ. കേട്ടപാതി കേൾക്കാത്ത പാതി നിന്ന നിൽപ്പിൽ മഞ്ജു അവിടേയ്ക്ക് ഓടിചെന്നപ്പോ കണ്ട കാഴ്ച വേദനാജനകമായിരുന്നു. പ്രസവവേദനകൊണ്ട് പുളയുന്ന ആ സ്ത്രീയെ വാഹനസൗകര്യം പോലും ലഭ്യമല്ലാത്ത ആ സമയത്ത് 50 കി.മീ. അകലെയുള്ള ആശുപത്രിയിൽ എത്തിക്കുന്നത് ഏറെ ദുഷ്കരമായിരുന്നു. നിമിഷ നേരംകൊണ്ട് ഒരു കുപ്പി ചൂടുവെള്ളവും ഒരു ബ്ലേഡും കുറച്ച് തുണിയും എടുത്ത് ആ പെൺകുട്ടിയെയും കൊണ്ട് മഞ്ജു 2 കിലോമീറ്റർ ദൂരം നടന്നു. കിട്ടിയ ജീപ്പിൽ കുട്ടിയുമായി 50 കിലോമീറ്റർ അകലെയുള്ള ചാലക്കുടി ഗവ. ആശുപത്രിയെ ലക്ഷ്യമാക്കി വേഗതയിൽ ഓടി.

എന്നാൽ ഏകദേശം 7 കിലോമീറ്റർ എത്തുമ്പോഴേക്കും പ്രസവ വേദനകൊണ്ട് പുളയുകയായിരുന്ന ആ സ്ത്രീ പ്രസവത്തിന്റെ ആദ്യഘട്ടങ്ങളിലെത്തിയെന്ന് മഞ്ജുവിന് മനസ്സിലായി. എന്തു ചെയ്യണമെന്നറിയാതെ വിറച്ചുപോയ നിമിഷമായിരുന്നു അത്. കൂടെയുള്ള രണ്ടുപേരും പുരുഷന്മാർ. എന്നാലും ഏതോ ഒരു ശക്തി തന്റെ ഒപ്പം ഉള്ള പോലെ മഞ്ജുവിന് തോന്നി. ധൈര്യം സംഭരിച്ച് വേഗം അവരെ സീറ്റിൽനിന്ന് എഴുന്നേൽപ്പിച്ച് ഇരുത്തി. ജീപ്പിന്റെ എതിർ സീറ്റിൽ താഴെയിരുന്ന് പുറത്തേയ്ക്ക് വരുന്ന

കുഞ്ഞിനെ വലിച്ച് തന്റെ മടിയിലേക്ക് കിടത്തി. തന്റെ കൈവശം ഉണ്ടായിരുന്ന ചൂടുവെള്ളത്തിൽ ബ്ലേഡ് കഴുകി പൊക്കിൾകൊടി ബന്ധം മുറിച്ചു. മറുപിള്ള വരുന്നതുവരെ മഞ്ജു കാത്തിരുന്നു. അപ്പോഴേയ്ക്കും വണ്ടി ആശുപത്രിയിലെത്തിയിരുന്നു. പ്രസവിച്ച പെൺകുട്ടിയുടെയും മഞ്ജുവിന്റെ ധരിച്ചിരുന്ന വസ്ത്രവും ശരീരവും രക്തം കൊണ്ട് മുങ്ങിയിരുന്നു.

കൈകുഞ്ഞുമായി ആശുപത്രിയിലെത്തിയ മഞ്ജുവിനെ കണ്ട് ആശുപത്രിയിലുണ്ടായിരുന്നവർ അമ്പരന്നു. വേഗം തന്നെ നഴ്സ് കുഞ്ഞിനേയും എടുത്ത്, കുഞ്ഞിന്റെ അമ്മയേയും കൊണ്ട് ലേബർ റൂമിലേക്ക് പോയി. ആശുപത്രി വരാന്തയിൽ തളർന്നിരുന്ന മഞ്ജുവിനോട് ഡോക്ടർ വന്ന ചോദിച്ചത് “വൈദ്യശാസ്ത്രം പഠിക്കാത്ത താനെങ്ങനെയാണ് ഈ പ്രസവം ഇത്ര ധൈര്യമായി ചെയ്തത്” മറുപടി  പറയാൻ ഒന്നും ഉണ്ടായിരുന്നില്ല. തിരിച്ച് വീട്ടിൽ വന്നപ്പോൾ മഞ്ജുവിന്റെ അമ്മയുടെയും മക്കളുടെയും ചോദ്യവും ഇതു തന്നെ, “നീ ഇതെങ്ങനെ ചെയ്തു? കൊച്ചിന് എന്തെങ്കിലും സംഭവിച്ചാൽ പോലീസുകാർ നിന്നെ കൊണ്ടുപോകില്ലായിരുന്നുവോ?” അപ്പോൾ മഞ്ജുവിന് പറയാനുണ്ടായിരുന്നത് ഒരു ഉത്തരം മാത്രം  “ആ ഒരു നിമിഷത്തിൽ വേറെയൊന്നും ചിന്തിക്കാൻ എനിക്കു സാധിച്ചില്ല…  എന്റെ മുമ്പിൽ പുളയുന്ന സ്ത്രീയുടെ വേദനയും ജന്മംകൊള്ളാൻ വെമ്പുന്ന കുഞ്ഞും മാത്രമേയുണ്ടായിരുന്നുള്ളു”.

ഈ സംഭവത്തിന് മഞ്ജുവിന് ധൈര്യം നൽകിയത് 13 –ാം വയസ്സിൽ അമ്മയായതിന്റെ ധൈര്യവും അമ്മയോടൊപ്പം കണ്ട പ്രസവാന്തരീക്ഷത്തിന്റെ ഓർമ്മകളും ഒപ്പം ജീവന്റെ  വിലയും മാത്രമാണ്.



കാസർഗോഡ് നഗരസഭയിലെ ഫോർട്ട് റോഡ് നിവാസിയാണ് രത്നമാല. രാമചാരി–മീര ദമ്പതിമാരുടെ 4 മക്കളിൽ രണ്ടാമത്തെ മകളായ 1969 മേയ് 29 –ാം തീയതി ജനിച്ചു. ഒരു ജ്യേഷ്ഠനും, അനിയത്തിയും, അനിയനുമാണ് സഹോദരങ്ങളായുള്ളത്. മാതാപിതാക്കൾ മരിച്ചു പോയി. ഇഷ്ടപ്പെട്ട പുരുഷനെ 1982 ൽ രത്നമാല വിവാഹം കഴിച്ചു. ഭർത്താവും 3 പെൺകുട്ടികളുമടങ്ങുന്നതാണ് രത്നമാലയുടെ കുടുംബം. ദാരിദ്ര്യവും കഷ്ടപ്പാടും അതിന്റെ മൂർത്തിഭാവത്തിൽ അനുഭവിക്കേണ്ടി വന്നിട്ടും ഒരു ചുവടുപോലും പിന്നോട്ടു വയ്ക്കാതെ സമൂഹത്തിൽ പാർശ്വവത്കരിപ്പെട്ടവർക്ക് മാർഗ്ഗദർശിയാകാൻ കഴിഞ്ഞ വനിത. എയ്ഡ്സ് രോഗികളെയും, ലൈംഗിക തൊഴിലാളികളെയും കണ്ടെത്തി ബോധവത്കരണത്തിലൂടെ സാധാരണ ജിവിതത്തിലേക്കുള്ള വെളിച്ചം നൽകി സമൂഹം നേരിടുന്ന ഒരു വലിയ പ്രശ്നത്തിനുത്തരം കണ്ടെത്താൻ സഹായിച്ച ഒരു സാധാരണക്കാരിയായ കാസർഗോഡ്കാരിയാണ് രത്നമാല.

## അശരണരുടെ രത്നം

കാസർഗോഡ് നഗരസഭയിലെ ഫോർട്ട് റോഡ് നിവാസിയാണ് രത്നമാല. രാമചാരി–മീര ദമ്പതിമാരുടെ 4 മക്കളിൽ രണ്ടാമത്തെ മകളായി 1969 മെയ് 29–ാം തീയതി ജനിച്ചു. ഒരു ജ്യേഷ്ഠനും, അനിയത്തിയും, അനിയനുമാണ് സഹോദരങ്ങളായുള്ളത്. മാതാപിതാക്കൾ മരിച്ചു പോയി. ഇഷ്ടപ്പെട്ട പുരുഷനെ തന്നെയാണ് രത്നമാല വിവാഹം കഴിച്ചത്. അതുകൊണ്ട് തന്നെ ഭർതൃഗൃഹത്തിൽ നിന്നും ഒരു പരിഗണനയും ലഭിച്ചില്ല. പിന്നീട് വാടക വീട്ടിലേയ്ക്ക് താമസം മാറ്റി. കൂലിപ്പണിക്കാരനാണ് ഭർത്താവായ സുരേഷ് റാവു. വല്ലപ്പോഴും പണിക്ക് പോയി കിട്ടുന്ന പൈസ മുഴുവൻ മദ്യത്തിനായി ചെലവാക്കുമായിരുന്നു. ക്ഷയരോഗികൂടിയായിരുന്നു ഭർത്താവ്. നിത്യജീവിത ചെലവുകൾ നടത്തികൊണ്ടുപോകാൻ കഷ്ടപ്പെടുന്ന രത്നമാല മൂന്ന് പെൺകുട്ടികളുടെ അമ്മയുമാണ്. പൂർണ്ണമായും മദ്യത്തിനടിമയായ ഭർത്താവിൽ നിന്നും ഒരുപാട് ശാരീരിക–മാനസിക പീഡനങ്ങൾ രത്നമാലയ്ക്ക് സഹിക്കേണ്ടി വന്നു. അർദ്ധരാത്രിയിൽ പലപ്പോഴും വീടിന് പുറത്ത് നിൽക്കേണ്ടി വന്നിട്ടുണ്ട്. ഒരിക്കൽ അടികൊണ്ട് അവശയായപ്പോൾ സഹപാഠിയുടെ സഹായത്താൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ 37 ദിവസം കിടന്ന് ചികിൽസിക്കേണ്ടി വന്നു. അപ്പോഴല്ലാം ഭക്ഷണവും പഴയവസ്ത്രങ്ങളും തന്ന് സഹായിച്ചത് അയൽവാസികൾ ആയിരുന്നു. ഭർത്താവിന്റെ ജേഷ്ഠന്റെ ഭാര്യയും വീട്ടുകാരുമാണ് അല്പമെങ്കിലും സഹായവും എന്തെങ്കിലും ജോലിചെയ്യത് ജീവിക്കാനുള്ള പ്രചോദനവും തന്നത് എന്ന് രത്നമാല പറഞ്ഞു.

മൂന്ന് പെൺകുട്ടികളുടെ വിദ്യാഭ്യാസവും മറ്റ് കുടുംബ ചെലവുകളും രത്നമാലയുടെ ഭാരിച്ച ഉത്തരവാദിത്വത്തിൽ തന്നെയായിരുന്നു. പിന്നീട് അയൽവീടുകളിലെ ജോലികൾ ചെയ്തുകൊടുത്തു കിട്ടുന്ന ചെറിയ വരുമാനത്തിലായിരുന്നു ജീവിതം. ഈ വരുമാനം കുടുംബചിലവുകൾക്ക് തികയുമായിരുന്നില്ല. ഈ ജോലിയോടൊപ്പം അടുത്തുള്ള അംഗൻവാടി ടീച്ചറുടെ സഹായിയായും പോകുന്നുണ്ടായിരുന്നു. 1999 ലാണ് ഡോ. നരഹരിയുടെ പബ്ലിക്ക് സെക്ഷ്വൽ ഹെൽത്ത് പ്രേജക്ട് ഫീൽഡ് വർക്കറുടെ ജോലിക്ക് അപേഷ ക്ഷണിച്ചത്. ഇതിന് രത്നമാലയും അപേഷിച്ചു. എസ്.എസ്.എൽ.സി.വരെ പഠിച്ച രത്നമാലയ്ക്ക് ഈ ജോലി ലഭിക്കുകയും ചെയ്തു. ഇത് “സാമൂഹ്യപ്രവർത്തക” എന്ന പദവിലേക്ക് ഉയരുന്നതിനുള്ള തുടക്കം കുറിക്കാൻ സാധിച്ചു. വിവിധ സാഹചര്യങ്ങളാൽ തെരുവിൽ ശരീരം വിറ്റ് ജീവിക്കേണ്ടിവന്ന ലൈംഗീക തൊഴിലാളികളേയും അവരുടെ ക്ലെയിൻസിനെയും, എച്ച്.ഐ.വി/എയിഡ്സ് ബാധിതരേയും, ഈ രോഗം പരത്തുന്ന അന്യദേശ തൊഴിലാളികളേയും ഒരു സർവ്വേയിലൂടെ കണ്ടെത്തുക എന്നതായിരുന്നു രത്നമാലയുടെ ജോലി. 1999 കളിൽ എയ്ഡ്സ് രോഗം എന്ന് കേട്ടാൽ ജനങ്ങൾ ഭയവിഹ്വലരാകുന്ന കാലഘട്ടമായിരുന്നു. എയ്ഡ്സ് ഒരു പകർച്ചവ്യാധിയാണെന്നുള്ള പ്രചരണവും അന്നുണ്ടായിരുന്നു. ആയതുകൊണ്ട് തന്നെ ഈ ജോലി ചെയ്തുകൊണ്ടിരിക്കേ ഒരുപാട് അപവാദങ്ങൾ രത്നമാലയ്ക്ക് കേൾക്കേണ്ടി വന്നു. വേശ്യ, എയിഡ്സ് രോഗി, കൂട്ടികൊടുപ്പുകാരി എന്ന് ഒക്കെ പലരും വിളിച്ചു. യാത്ര

ചെയ്യാൻ കയറിയ ബസിൽ നിന്നുവരെ ഇറക്കിവിട്ടുണ്ട്. ഇതിനെതിരെ പോലീസിൽ പരാതികൊടുക്കുകയും പ്രതികരിക്കുകയും രത്നമാല ചെയ്തിട്ടുണ്ട്. പ്രോജക്ടിലെ ജീവനക്കാരുടേയും, സ്ഥാപനമേലാധികാരികളുടേയും കാസർഡകോഡ് നഗരസഭ ചെയർമാൻ ശ്രീ.റ്റി. അബ്ദുള്ളയുടെയും മറ്റ് ഭരണസമതി അംഗങ്ങളുടെയും പ്രോൽസാഹനം കിട്ടിയിരുന്നു എന്ന് രത്നമാല പറയുകയുണ്ടായി.

എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും, ആരോഗ്യ വകുപ്പും നടത്തിയ വിവിധ ബോധവത്കരണ പരിപാടികളിലും പങ്കെടുക്കാൻ കഴിഞ്ഞത് രത്നമാലക്ക് ഒരു പരിശീലക എന്ന പദവിലേക്ക് ഉയരുന്നതിന് വളരെയധികം സഹായിച്ചു. സർവ്വേയിൽ കണ്ടെത്തിയ 1000–ത്തിൽ പരം സ്ത്രീലൈംഗിക തൊഴിലാളികൾക്ക് ബോധവത്കരണവും, ചികിത്സയും, സുരക്ഷിത ലൈംഗിക ബന്ധത്തിനുള്ള അറിവും നൽകുന്നതിനും, കുറേപേരെ ഇതിൽ നിന്നും പിൻതിരിപ്പിക്കാനും കഴിഞ്ഞു. അവരെ തയ്യൽ, ഹോംനേഴ്സിങ്ങ്, ടെയിലറിങ്ങ് എന്നീ തൊഴിൽമേഖലകളിലേക്ക് കൊണ്ടുവരാൻ സാധിച്ചു. സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തിയ എച്ച്.ഐ.വി/എയ്ഡ്സ് രോഗികളുടെ ഒരുകൂട്ടായ്മ ഉണ്ടാക്കുകയും അവരെ സഹായിക്കാൻ ലയൺസ് ക്ലബ്, റോട്ടറിക്ലബ്, ഐഎംഎ, മർച്ചന്റ് അസോസിയേഷൻ എന്നീ വിവിധ സംഘടനകളുടെ സഹായം നേടികൊടുക്കുവാനും രത്നമാലയ്ക്ക് കഴിഞ്ഞു. ഇവരുടെ കുട്ടികൾക്ക് പഠനം നിഷേധിച്ച സ്ക്കൂളുകളിൽ പോയി സ്ക്കൂൾ അധികൃതർക്ക് ബോധവത്കരണം നടത്തി പഠനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുവാൻ രത്നമാലയ്ക്ക് കഴിഞ്ഞു. റോഡരികിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന അനാഥകുട്ടികളെ കല്ലാറിലുള്ള സർക്കാർ സ്ഥാപനമായ ആകാശപ്പറവകൾ എന്ന ചിൽഡ്രൻസ് ഹോമിൽ എത്തിക്കുകയും, മുതിർന്ന പെൺകുട്ടികളെ പരവനടുക്കം മഹിളാ മന്ദിരത്തിലും, വൃദ്ധജനങ്ങളെ വുമൺ സെല്ലിന്റെ സഹായത്തോടെ സർക്കാർ വൃദ്ധസദനത്തിലും എത്തിക്കുകയും ചെയ്യുന്നുണ്ട്. അവർക്ക് വേണ്ട വസ്ത്രങ്ങൾ വീടുവീടാന്തരം കയറി ശേഖരിച്ച് കൊടുക്കുവാനും വിശേഷദിവസങ്ങളിൽ നല്ലഭക്ഷണം കൊടുക്കാനുള്ള ചിലവുകൾ കണ്ടെത്തികൊടുക്കുകയും ചെയ്തു. 2007 മുതൽ എയ്ഡ്സ് രോഗം ബാധിച്ച് മരണത്തോട് മല്ലിടുന്ന രോഗികളെ ജീവൻദാൻ സ്നേഹസദനത്തിലെത്തിക്കുകയും, മരണശേഷം മൃതശരീരങ്ങൾ അതാത് മതാചാര പ്രകാരം അടക്കം ചെയ്യുന്നതിനും വേണ്ട നടപടികൾ രത്നമാല ചെയ്യാറുണ്ട്. ഏറ്റുവാങ്ങാൻ ആളില്ലാത്ത മൃതശരീരങ്ങൾ കാസർഗോഡ് നഗരസഭയുടെ പൊതുശ്മശാനത്തിൽ സംസ്കരിക്കുന്നതിനും രത്നമാല തന്നെ മുൻകൈയെടുക്കാറുണ്ട്. ഇതെല്ലാം രത്നമാലയുടെ ജിവിതത്തിലെ വലിയ നേട്ടമായിരുന്നു.

ഈ രംഗത്ത് ഒരു പരിശീലക എന്ന നിലയിലും രത്നമാലയ്ക്ക് ശോഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യവകുപ്പിലെ ഫീൽഡ് സ്റ്റാഫ്, അംഗനവാടി ടിച്ചേഴ്സ്, ഹെയർ സെക്കന്ററി വിദ്യാർതഥികൾ, അദ്ധ്യാപകർ, ജനപ്രതിനിധികൾ, സമൂഹ്യപ്രവർത്തകർ, എൻവൈകെ വോളണ്ടിയേഴ്സ്, കുടുംബശ്രീ സിഡിഎസ്, എഡിഎസ്, എൻഎച്ച്ജി ഭാരവാഹികൾ കോളനിനിവാസികൾ എന്നിവർക്കുള്ള എച്ച് ഐ വി/എയ്ഡ്സ് ബോധവത്കരണ ക്ലാസ്സും എടുക്കാനും രത്നമാലയ്ക്ക് സാധിച്ചു. ഇപ്പോ

രത്നമാലയുടെ കുടുംബം വളരെ സന്തോഷത്തിലാണ്. മൂത്തമകൾ എം.ബി.എ. വരെ പഠിച്ചു. ഇപ്പോൾ വിവാഹം കഴിഞ്ഞ് ബാഗ്ലൂരിൽ ഫെഡറൽ ബാങ്കിൽ പാർട്ട് ടൈംജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ ഡിഗ്രിക്ക് പഠിക്കുന്നു, മൂന്നാമത്തെ മകൾ +2 വിന് പഠിക്കുന്നു.

കാസർഗോഡ് നഗരസഭ വീടുവയ്ക്കുന്നതിനായി, 4 സെന്റ് ഭൂമി നൽകി ആശ്രയ പ്രോജക്റ്റിൽപെടുത്തി വീടുവയ്ക്കാൻ അനുവദിച്ചുണ്ട്. ഭർത്താവിന്റെ മദ്യപാനം 95% വും കുറഞ്ഞു. ഇപ്പോൾ എല്ലാ കുടുംബാംഗങ്ങൾക്കും വളരെ സ്നേഹമാണ്. കുടുബശ്രീ ജെന്റർ ആർപി, ചൈൽഡ്ലൈൻ പ്രവർത്തക, പാരാമെഡിക്കൽസ് സർവ്വീസ് വോളണ്ടിയർ, ജനമൈത്രിമെമ്പർ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. സാമൂഹ്യപ്രവർത്തകയ്ക്കുള്ള വിവിധ സംഘടനകളുടെ അവാർഡ് രത്നമാലയക്ക് ലഭിച്ചിട്ടുണ്ട്. 2002–ൽ കാസർകോഡ് നഗരസഭ നല്ലസാമൂഹിക പ്രവർത്തകയ്ക്കുള്ള അവാർഡ്, 2005–ൽ കർണാടക ഗവൺമെന്റിന്റെ സാഹിത്യസമ്മേളന അവാർഡ് , IMA – Best Social Worker Excellence Award – 2008, 2009 – Kudumbashree Kazarcode District Mission Best Social Worker Award, 2010 – Nure Islamaic Ophenage Girl എന്നീ അംഗീകാരങ്ങൾ രത്നമാലയിക്ക് ലഭിച്ചു. “എന്റെ ജിവിതാനുഭവം സമൂഹത്തിന് മുതൽക്കൂട്ടാവുമെങ്കിൽ എന്റെ ജന്മം സഫലമായി…..” രത്നമാലയുടെ ഈ വാക്കുകളിൽ ആത്മസംതൃപ്തി കാണാൻ കഴിഞ്ഞു.



ഇത് കൊളന്തായി എന്ന രാമക്കാൾ. പാട്ടിയെന്ന ഓമനപ്പേരിലും നിങ്ങൾക്ക് അവളെ വിളിക്കാം. എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്ത് ഉറിയംപെട്ടി ആദിവാസി കുടിയിൽ എന്തപ്പന്റേയും ചെഞ്ചിന്റേയും മകളായി 1916–ൽ ജനനം. പാലിന്റെ മാധുര്യത്തേക്കാൾ മദ്യത്തിന്റേയും കറുപ്പിന്റേയും രുചിയറിഞ്ഞ് ജീവിച്ചവൾ. കുഞ്ഞുന്നാൾ മുതൽ വെറ്റിലമുറിക്കിന്റെ സ്വാദറിഞ്ഞവൾ. അക്ഷരത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിക്കാതെ കേട്ടറിവിന്റെ വെളിച്ചം ഊരുകളിൽ പകർന്നു നൽകിയവൾ. സ്വന്തം പിതാവ് ചെയ്യുന്നത് തെറ്റെന്ന് തിരിച്ചറിഞ്ഞ നിമിഷം മുതൽ അദ്ദേഹത്തിനെതിരെ പടവാളായി മാറിയവൾ. ആദിവാസി ഊരുകളുടെ ശീലങ്ങൾ ദുശ്ശീലങ്ങളായി മാറുമ്പോൾ കൈകെട്ടി നോക്കിനിൽക്കാനായില്ല അവൾക്ക്. അറിവിനെ തിരിച്ചറിവാക്കി, തിരിച്ചറിവിനെ ആയുധമാക്കി തൊണ്ണൂറ്റൊമ്പതിലും പതിനാറിന്റെ ചുറുചുറുക്കുമായി ഓടി നടക്കുന്ന കൊളന്തായിയെ നമുക്ക് കൂടുതൽ അറിയാം..... അറിയപ്പെടാത്ത വീരാംഗനയായി.........

## ഊരിന്റെ പാട്ടി

എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്ത് ഉറിയാം പെട്ടി ആദിവാസി കുടിയിൽ എന്തപ്പന്റേയും ചെഞ്ചിന്റെയും മകളായി 1916–ൽ ജനിച്ച രാമക്കാൾ കൊളന്തായിയെന്നും പാട്ടിയെന്നും ഓമനപ്പേരിൽ അറിയപ്പെടുന്നു. ആദിവാസി സമൂഹത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ ഒതുങ്ങി ജീവിച്ചവളാണ് അവർ. വാറ്റുചാരായം ഉണ്ടാക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരുന്ന പിതാവ് തന്റെ തൊഴിൽ പരമ്പരാഗതമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് കുഞ്ഞുപ്രായം മുതലേ കുട്ടികളെ പരിശീലിപ്പിക്കുകയും കറുപ്പ്, മദ്യം, വെറ്റിലമുറുക്ക് എന്നിവ താൻ കഴിക്കുന്നതിനോടോപ്പം നൽകി ശീലിപ്പിക്കുകയും ചെയ്തു. എന്നാൽ തുടർച്ചയായ ഉപയോഗം ദിനംപ്രതി ഹരമായിമാറി. ഭക്ഷണത്തെക്കാൾ പ്രാധാന്യം ലഹരിക്കു കൊടുത്തതോടെ പാട്ടി, ലഹരിയുടെ അമിത ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾക്ക് അടിമയായി തുടങ്ങി. ആ സമയത്താണ് പാട്ടി കുട്ടമ്പുഴ ആരോഗ്യ കേന്ദ്രത്തിൽ ഒരു ബോധവൽക്കരണ ക്ലാസ്സിൽ പങ്കെടുക്കാൻ ഇടയായത്. ക്ലാസ്സെടുത്ത അദ്ധ്യാപിക പറഞ്ഞ ഓരോവാക്കും അക്ഷരമെന്തന്നറിയാത്ത പാട്ടി കേട്ടറിഞ്ഞ് ഹൃദയത്തിൽ കുറിച്ചു. ഏതൊരു ക്ലാസ്സിൽ പങ്കെടുക്കുമ്പോഴും പാട്ടി ഒരു മുഴുവൻ സമയ പരിശീലനാർത്ഥിയായിരുന്നു. മദ്യം തന്നെയും, തന്റെ ഗോത്രത്തേയും നശിപ്പിക്കുമെന്ന് ക്ലാസിലൂടെ കിട്ടിയ വിവരം മദ്യത്തിന് അടിമയായിക്കഴിഞ്ഞ പാട്ടി ഉൾക്കിടിലത്തോടെയാണ് കേട്ടത്.

നിരന്തരമായി ക്ലാസിലൂടെ കിട്ടിയ അറിവ് പാട്ടി തന്റെ ഊരുകളിലെ പ്രശ്നങ്ങളെ വേറിട്ട കണ്ണുകളോടെ നോക്കികാണാൻ തുടങ്ങി. ആ കാഴ്ചകൾ പുതിയ ഒരു ജീവിതമാണ് പാട്ടിക്ക് നൽകിയത്. ആദ്യം പാട്ടി ലഹരി ഉപയോഗിക്കുന്നത് സ്വയം നിർത്തലാക്കാൻ ശ്രമിച്ചു. പാട്ടിയുടെ തന്നെ വാക്കിൽ ഇതായിരുന്നു ഏറ്റവു പ്രയാസമേറിയത്. പക്ഷേ ക്ലാസുകളിൽ വ്യക്തമായി പറഞ്ഞ ഒരു പാഠം പാട്ടി ഓർത്തു. സ്വയം ദുശീലങ്ങൾ ഒഴിവാക്കിയതിനുശേഷം മാത്രമേ മറ്റുള്ളവരോട് അതിന്റെ ദോഷവശങ്ങളെക്കുറിച്ച് പറയാവൂ. എന്നാലേ സമൂഹം നിങ്ങളുടെ വാക്കുകൾ ഗൗരവത്തോടെ കാണുകയുള്ളൂ. അങ്ങനെ വളരെ ബുദ്ധിമുട്ടിയാണ് പാട്ടി തന്റെ മദ്യപാനശീലം ഉപേക്ഷിച്ചത്. തന്നത്താൻ മദ്യപാനശീലം ഉപേക്ഷിച്ച പാട്ടി പുതിയ ഊർജ്ജവുമായാണ് വീട്ടിലേക്ക് ചെന്നത്. ആദ്യം തന്റെ വീട്ടിലാണ് മദ്യവിരുദ്ധപ്രവർത്തനങ്ങൾ പാട്ടി നടത്തിയത്. അതും വാറ്റുചാരായവില്പന തൊഴിലാക്കിയ അച്ഛന്റടുത്ത്. അച്ഛൻ പാട്ടിയുടെ ലഹരിവിരുദ്ധ വാക്കുകളിൽ തികഞ്ഞ അവഗണനയോടെയും പുച്ഛത്തോടും പരിഹാസത്തോടെയുമാണ് കണ്ടത്. തന്റെ വാക്കുകൾ ചെവികൊള്ളാത്ത അച്ഛന്റെ വാറ്റുചാരായ പ്രവർത്തനങ്ങളോട് പാട്ടി പിന്നീട് രൂക്ഷമായാണ് പ്രതികരിച്ചത്. ലഹരിപദാർത്ഥങ്ങൾ നശിപ്പിക്കുന്ന പാട്ടിയോട് അച്ഛൻ അതിക്രമത്തിന്റെ ഭാഷയിലാണ് മറുപടി നൽകിയത്. എന്നാൽ ഇത് പാട്ടിയെ തന്റെ നിശ്ചയത്തിൽനിന്നും മാറ്റിയില്ല. അവസാനം പാട്ടിയുടെ അച്ഛന് ഈ തൊഴിൽ ഉപേക്ഷിക്കേണ്ടി വന്നു.

തികച്ചും കാടിനെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി ഊരുകളിലേയ്ക്ക്, നാട്ടിൻ പുറത്തു നിന്നുള്ളവരുടെ കടന്നുകയറ്റം, എസ് റ്റി മേഖലയുടെ തൊഴിൽ സാധ്യതകൾ നഷ്ടപ്പെടുത്തി. ഈ അവസരത്തിലാണ് കൊളന്തായി മറ്റൊരു ക്ലാസിൽ നിന്നും കിട്ടിയ അറിവ് തന്റെ അനുഭവത്തിൽ കൊണ്ടുവന്നത്. ആദിവാസി ഊരുകളിൽ നടക്കുന്ന അതിര് തിരിക്കൽ, തീ കയറാതെ നോക്കൽ തുടങ്ങിയ ജോലികളിൽ 90% തൊഴിൽ ആദിവാസിതൊഴിലാളികൾക്കും ശേഷിക്കുന്ന 10% നാട്ടിൻ പുറത്തുകാർക്കും അവകാശപ്പെട്ടതാണെന്ന് ആ ക്ലാസ്സിലൂടെ കൊളന്തായി തിരിച്ചറിഞ്ഞു. ഇത് മുൻനിറുത്തി, കുടിയിലെ മുഴുവൻ സ്ത്രീകളെയും ഒന്നിച്ചു ചേർത്ത് കുട്ടമ്പുഴറേഞ്ച് ഓഫീസിന്റെ പടിയ്ക്കൽ ഒരാഴ്ചക്കാലം സമരം നടത്തുകയും 90% ആദിവാസി തൊഴിലാളികൾക്ക് തൊഴിൽ നൽകികൊണ്ട് റേഞ്ച് ഓഫീസിൽ നിന്ന് ഉത്തരവ് വാങ്ങുകയും ചെയ്തു.

ആദിവാസി ഊരുകളിൽ യുവതികളുടെ 'മാലാ–ഡി' ഗുളികയുടെ ദുരുപയോഗം തടയലായിരുന്നു. 'മാസമുറ' സമയത്ത് വാലായ്മപുരയിൽ താമസിക്കേണ്ടിവരുന്നത് ആദിവാസിയുവതികൾ ഇഷ്ടപ്പെട്ടിരുന്നില്ല. ഇത് തടയാനായി അവർ ഈ ഗുളികയുടെ നിത്യോപയോഗം തുടങ്ങി. ഇതിനെതിരെ 'കൊളന്തായി' ഊരുകളിൽ ബോധവൽക്കരണം നടത്തുകയും, വാലായ്മപുരകൾ വൃത്തിയോടെ സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇപ്പോൾ ഈ ഗുളികയുടെ ഉപയോഗം കുറഞ്ഞത് കൊളന്തായിയുടെ ഫലപ്രദമായ ഇടപെടലിലൂടെയാണ്. 99 വയസ്സിലും ചുറുചുറുക്കോടെ 'പാട്ടി എന്ന കൊളന്തായി' തന്റെ പ്രവർത്തനം അനുസ്യൂതം തുടരുന്നു.

അറിവിനെ തിരിച്ചറിവാക്കി, മറ്റുള്ളവരിലേക്ക്. പകർന്ന് നൽകാൻ വിദ്യാഭ്യാസവും പ്രായവും പ്രശ്നമല്ല എന്നു 'കൊളന്തായി' തെളിയിച്ചിരിക്കുന്നു. ആദിവാസി മേഖലയുടെ 99കാരിയായ ഈചുണക്കുട്ടി ഊരുകളുടെ പ്രിയതോഴിയാണ്.



ആലപ്പുഴ പാണവള്ളി തേമ്പാടിയിൽ സ്വാതന്ത്ര്യ സമര പോരാളികളുടെ സഹായിയായ അച്യുതന്റെ മകൾ 69 കാരിയായ രുദ്രായണി. പത്താം ക്ലാസ്സും, ഗ്രാമസേവിക ട്രെയിനിംഗും പാസ്സായ അവിവാഹിതയാണ്. അച്ഛന്റെ പാത പിൻതുടർന്ന് സാമൂഹ്യ പ്രവർത്തനത്തിൽ ആകൃഷ്ടയായി. സമൂഹത്തിലെ സ്ത്രീ–പുരുഷ വിവേചനവും, തൊഴിലിടങ്ങളിലെ കൂലിയുടെ വേർതിരിവും ജാതി, മത, വർണ്ണ, വർഗ്ഗവിവേചനം– ഇവയൊക്കെ രുദ്രായണിയെ വല്ലാതെ അസ്വസ്ഥയാക്കുകയായിരുന്നു. ഇത്തരത്തിലുള്ള സാമൂഹ്യ അനീതിക്കെതിരെ പ്രതികരിച്ചില്ലെങ്കിൽ തുടർന്ന് പോകുന്ന അനാചാരങ്ങൾ ഭാവിതലമുറയ്ക്ക് ദോഷകരമായി മാറുമെന്ന് രുദ്രയാണി തിരിച്ചറിഞ്ഞു. ഒരു സമൂഹത്തിന് വേണ്ടി തന്റെ നാവെങ്കിലും ചലിച്ചില്ലെങ്കിൽ ഒരുപാട് സ്ത്രീകളുടെ യാതനകളും, വേദനകളും, അവഗണനയും, അവഹേളനവും, കണ്ണുനീരും കാണേണ്ടതായി വരും. ഇത് പ്രാവർത്തികമാക്കുന്നത് അനിവാര്യമല്ല. കൗമാര പ്രായത്തിൽ തന്നെ ഇത്തരത്തിലുള്ള ചിന്ത മനസ്സിലുദിച്ച രുദ്രായണി പൊതുപ്രവർത്തന രംഗത്ത് തന്റെ ചുവടുറപ്പിച്ചു.

## ധീരതയുടെ വഴിവിളക്ക്

1967 –ൽ (22–ാം വയസ്സിൽ) കയർ മേഖലയിലെ സ്ത്രീ തൊഴിലാളികളെ സംഘടിപ്പിച്ച് സമരം ചെയ്യുന്നതിനിടയിൽ പോലീസ് അറസ്റ്റ് ചെയ്ത് പൂച്ചാക്കൽ സ്റ്റേഷനിലെ ലോക്കപ്പിലിട്ടു. ഭീകര മർദ്ദനത്തിനിരയായ രുദ്രായണിക്ക് ഭക്ഷണം പോലും കൊടുക്കാതെ നാലു ദിവസം സെല്ലിലിടുകയും തുടർന്ന് കോടതയിൽ ഹാജരാക്കുകയുമായിരുന്നു. ഒന്നരവർഷം കേസ് നിലനിന്നു. ട്രാൻസ്പോർട്ട് ബസ്സ് ചാർജ്ജ് വർദ്ധനവിനെതിരെ നടന്ന സമരത്തിൽ പങ്കെടുത്തതിനെതിരെ പോലീസ് കേസ് ചാർജ്ജ് ചെയ്യുകയും ചെയ്തു. 1970 ൽ കുടികിടപ്പുകാർക്ക് സ്ഥലം ലഭിക്കുന്നതിനുള്ള സമരത്തിൽ പങ്കെടുക്കുകയുണ്ടായി. 10 സെന്റ് സ്ഥലം അളന്ന് തിരിച്ച് അതിർത്തിപിടിച്ച് കൊടുക്കുന്ന സമരരീതിയായിരുന്നു. ആ സമരത്തിൽ പങ്കെടുത്തതിന് ഗുണ്ടകൾ പല സ്ഥലത്തു വച്ചും ആക്രമിക്കുകയും, കെട്ടിയിട്ട് മർദ്ദിച്ച് അവശയാക്കി – വീട് കത്തിച്ച് നശിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ഒക്കെ ചെയ്യുകയുണ്ടായി. ഇത്തരത്തിൽ മാനസികമായും ശാരീരികമായും കുടുംബപരമായും ഒരുപാട് പീഡനങ്ങളും ത്യാഗങ്ങളും അനുഭവിക്കേണ്ടി വന്നിട്ടും തളരാതെ മുന്നോട്ടുള്ള യാത്ര തുടരുകയായിരുന്നു.

1973 ലെ മിച്ച ഭൂമി സമരത്തിൽ പങ്കെടുത്തതിന്റെ ഫലമായി പോലീസ് അറസ്റ്റ് ചെയ്ത് 14 ദിവസം ജയിലിൽ അടച്ചു. ഈ സമരത്തിന്റെ പ്രധാന ആവശ്യം ഒരു വ്യക്തിക്ക് സ്വന്തമായി കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി 15 ഏക്കർ എന്നുള്ളതായിരന്നു. അതിൽ കൂടുതലുള്ള ഭൂമി ഗവൺമെന്റ് ഏറ്റെടുത്ത് ഭൂരഹിതരായവർക്ക് ഭൂമി ലഭിക്കുന്നതിനുവേണ്ടി കുടിൽ കെട്ടി സമരം ചെയ്തതിനാണ് അറസ്റ്റ് ചെയ്യപ്പെട്ടത്. ഇത്തരത്തിൽ ചെറുതും വലുതമായ നിരവധി പോരാട്ടങ്ങളിൽ പങ്കെടുത്തതിന് ക്രൂരമായ പീഢനങ്ങൾ അനുഭവിക്കേണ്ടി വന്ന രുദ്രായണിക്ക് വിവാഹ ജീവിതം അന്യമായിരുന്നു. സമൂഹത്തിലും കുടംബത്തിലും ബന്ധുക്കളാലും ഹാസ്യകഥാപാത്രമായി മാറുമ്പോഴും മകളുടെ പ്രവർത്തനങ്ങൾ സമൂഹ നന്മയ്ക്കാണെന്ന തിരിച്ചറിയാവുന്ന അച്ഛൻ എല്ലാവിധ പിന്തുണയും നൽകി.

ദിരദ്രരായവർക്കുവേണ്ടി തന്റെ ജന്മം ഹോമിച്ച, രുദ്രായണിയെ ഇന്ന് ആരും തിരിച്ചറിയാതെ പോകുകയും അവർ അനുഭവിച്ച ത്യാഗങ്ങൾ ആരും ഓർക്കാതിരിക്കുമ്പോഴും തന്റെ ഗതകാലസ്മരണകളുമായി അഗതി–പെൻഷനിലൂടെ ജീവിതം നയിക്കുന്നു. ഇക്കാലയളവിനുള്ളിൽ ജീവിതത്തിലെ ആശ്വാസമായി കിട്ടിയ അംഗീകാരം 2000 മുതൽ 2005 വരെ പാണാവള്ളി ഗ്രാമ പഞ്ചായത്തിലെ 2–ാം വാർഡിലെ ജനപ്രതിനിധിയായിരുന്നു എന്നുള്ളതാണ്.

ഇനിയും ഒരുപാട് കാര്യങ്ങൾ തനിക്ക് ചെയ്യാനുണ്ടായിരുന്നു, കഴിയാതെ പോകുന്നു എന്ന വേദനയോടെ ആരെയും ബുദ്ധിമുട്ടിക്കാതെയും ആശ്രയിക്കാതെയും കഴിയുന്ന ഈ ധീരവനിതയെ നമുക്ക് ഓർക്കാം.

ജീവിതത്തിന്റെ പാതയിൽ ഒറ്റപ്പെടുമ്പോഴും തന്റെ മുൻകാല പ്രവർത്തനങ്ങൾ അയവിറക്കുമ്പോഴും, താൻ ചെയ്തത് ഒന്നുമില്ലയെന്ന് പറയുമ്പോഴും, ആ കണ്ണുകളിലെ പ്രകാശം, ഉള്ളിലെ കെട്ടടങ്ങാത്ത തിരിനാളം, മുഖത്തെ പ്രസന്നതയിൽ ജ്വലിക്കുന്നതായി തിരിച്ചറിഞ്ഞു.



പാലക്കാട് ജില്ലയിലെ കോട്ടായി പഞ്ചായത്ത് സ്വദേശിനിയാണ് ദേവു വെള്ളയപ്പൻ. അമ്മിഞ്ഞപാലിനുവേണ്ടി കരയുന്ന കുഞ്ഞിന്റെ വിശപ്പകറ്റാൻ മുതലാളിയുടെ അനുവാദത്തിനായി കാത്തു നിൽക്കേണ്ടി വന്ന കാലഘട്ടത്തിലെ മാതൃത്വത്തിന്റെ പ്രതീകമാണ് ദേവു. ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി രാത്രിയും പകലും പണിയെടുത്തിട്ടും അർഹമായ കൂലി കിട്ടാതെ അടിമകളെപ്പോലെ ചവുട്ടി താഴ്ത്തപ്പെട്ട കാലഘട്ടത്തിൽ ഇതിനെതിരെ സംഘം ചേർന്ന് പ്രതികരിക്കാൻ മുന്നിട്ടിറങ്ങിയ ധീരയാണ് ദേവു. ഈ സമരങ്ങളുടെ അലയടി നിയമസഭയിലെത്തിയതിന്റെ ഫലമായി കൃഷിക്കാരന് കൃഷി ഭൂമി എന്ന നിയമം കൊണ്ടുവരാൻ കഴിഞ്ഞ ഒരു സാധാരണ കർഷക വനിതയാണ്. എഴുപതുകളിലും കെട്ടടങ്ങാത്ത സമരവീര്യവുമായി കർഷക തൊഴിലാളിക്ക് കൃഷി ഭൂമി എന്ന ആശയം തലമുറകളിലേയ്ക്ക് പകർന്നുതന്ന വ്യക്തിത്വം.

## കൊയ്ത്തുകളത്തിലെ സമരനായിക

പാലക്കാട് ജില്ലയിലെ കോട്ടായി പഞ്ചായത്തിലാണ് ദേവൂന്റെ താമസം. ഭർത്താവും നാലു ആൺമക്കളും ഒരു പെൺകുട്ടിയും അടങ്ങിയതാണ് കുടുംബം. 70 വയസ്സായി. 4–ാം ക്ലാസ്സ് വരെ പഠിച്ചിട്ടുണ്ട്. വിവാഹം 14–ാം വയസിലായിരുന്നു. അന്നത്തെ കാലത്ത് ചെറുക്കൻ പെണ്ണുകാണലുണ്ടായിരുന്നില്ല. അച്ഛനും അമ്മയും വന്ന് പെണ്ണുകണ്ടു കഴിഞ്ഞാൽ ചെറുക്കന്റെ പെങ്ങളാണ് താലി കെട്ടികൊണ്ടുപോകുന്നത്. കാളവണ്ടിയിലാണ് കല്ല്യാണയാത്ര. വിവാഹശേഷം 15–ാം വയസ്സിൽ ദേവൂ പാടത്ത് പണിക്കുപോകുവാൻ തുടങ്ങി. കാലത്ത് ഏഴര മണിക്കു പണിക്കിറങ്ങിയാൽ വൈകുന്നേരം ആറര മണിവരെയായിരുന്നു പണി സമയം. അതിനിടക്ക് കുട്ടിക്ക് പാലുകൊടുക്കാൻ പോകുവാൻ തന്നെ മുതലാളി സമ്മതിക്കുമായിരുന്നില്ല. '4 മാസം പ്രായമായ കുട്ടി വലുതായില്ലേ ഇനി പാലുകൊടുക്കാൻ പോണോ' എന്ന് ചോദ്യത്തിനു മുമ്പിൽ നിശബ്ദമാകണമായിരുന്നു. രാത്രി ആറരയ്ക്ക് പണി കഴിഞ്ഞ് വീട്ടിൽ പോയാൽ ഭക്ഷണം കഴിച്ച് റാന്തൽ വെളിച്ചത്തിൽ ഞാറു പറിക്കാൻ പോകും. പിറ്റേദിവസം നടാനുള്ള ഞാറ് രാത്രി പറിക്കണം. വയ്യ എന്ന് പറയാൻ പറ്റില്ല. ഒരുകെട്ട് ഞാറ് (100 മുടി) പറിച്ചാൽ ഒരു ഇടങ്ങഴി നെല്ലാണ് കൂലി.

എല്ലുമുറിയെ പണിയെടുത്താലും കൂലി വളരെ കുറവായിരുന്നു. കൊയ്ത്തിന് പത്തിന് –ഒന്ന് പതമ്പായിരുന്നു. അതായത് കൊയ്ത് നെല്ല് അളക്കുന്നത് പറ നിറച്ചായിരുന്നു. മുതലാളിക്കും തൊഴിലാളിക്കും നെല്ല് അളന്നിരുന്നത് വ്യത്യസ്ത പറകളിലാണ്. തൊഴിലാളികൾക്ക് കൂലി അളക്കുമ്പോൾ പറയുടെ അടിഭാഗം അകത്തേയ്ക്ക് തള്ളിയതായിരിക്കും. ഇത് അളന്നു കൂട്ടുന്ന നെല്ലിന്റെ തോത് കുറയ്ക്കും. ആദ്യ നിറപറ മുതലാളിക്ക് ലാഭം വകയിലും തുടർന്നുള്ള 10 പറ മുതലാളിക്കു തന്നെ അളക്കുകയും ചെയ്യും. അതിനു ശേഷം ഒരു പറ നെല്ലാണ് തൊഴിലാളിക്ക് കൂലി നൽകുക. അതും മുതലാളി എത്ര കൊയ്യാൻ പറയുന്നോ അത്രയും സ്ഥലം കൊയ്തു കഴിഞ്ഞാൽ മാത്രം. രാത്രി രണ്ടാമത്തെ സിനിമ വിട്ട് ആളുകൾ പോവുമ്പോഴും പാടത്ത് കച്ച മെതിക്കുന്നത് കഴിഞ്ഞിട്ടുണ്ടാവില്ല. ഇതൊക്കെ സഹിക്കാൻ വയ്യാതെയാണ് ദേവും കൂട്ടരും സമരത്തിന് തയ്യാറായത്.

ആ പ്രദേശത്തുള്ള മുഴുവൻ തൊഴിലാളികളെയും സംഘടിപ്പിച്ച് ദേവും കൂട്ടരും സമരത്തിനിറങ്ങി. ഒരു കൊയ്ത്തു സമയത്ത് കറ്റകളത്തിൽ കൊടികുത്തി തുടർച്ചയായി 12 ദിവസം സമരം ചെയ്തു, അതിന്റെ ഫലമായി ഏഴിന് ഒന്ന് എന്ന രീതിയിൽ പതമ്പ് കിട്ടി. അന്നൊക്കെ ദിവസക്കൂലി ആണിന് 3 ഇടങ്ങഴി നെല്ലും പെണ്ണിന് രണ്ട് ഇടങ്ങഴി നെല്ലും അത് അഞ്ച് ഇടങ്ങഴി ആണിനും, നാല് ഇടങ്ങഴി പെണ്ണിനും വേണം എന്ന രീതിയിലും സമരം നടത്തി. മുതലാളിമാരുടെ നീതിനിഷേധം തിരിച്ചറിഞ്ഞ ഓരോ കുടുംബത്തിലെയും ആൺമക്കൾ. ദേവുവിന്റെയും കൂട്ടരുടെയും സമരത്തിനൊപ്പം നിന്നു. വേണ്ടത്ര ധൈര്യം കൊടുത്തുകൊണ്ടുള്ള ദേവുവിന്റെ മക്കളുടെ പിന്തുണ കൂടുതൽ തീഷ്ണതയോടെ സമരരംഗത്തേയ്ക്ക് ഇറങ്ങി ചെല്ലാൻ ദേവുവിനെ ശക്തയാക്കി. ജന്മിത്താധിപത്യം കൊടുംപിരി കൊണ്ടുനിൽക്കുന്ന കാലമായതിനാൽ സമരത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ ദേവുവിന്റെ തീവ്രപരിശ്രമത്തിനിടയിൽ ഓരോ കുടുംബത്തിലെയും ആൺമക്കളും അച്ഛനും തമ്മിൽ കലഹം തുടങ്ങി. കാരണം ജന്മിമാരെ ദൈവമായി കണ്ടിരുന്ന മുതിർന്ന പുരുഷന്മാർക്ക് അവർക്കെതിരെ സമരം ചെയ്യുന്നത് പാപമായിട്ടാണ് കരുതിയിരുന്നത്. ഒടുവിൽ അവരെയും മൗനസമ്മതരാക്കാൻ ദേവുവിന് കഴിഞ്ഞു.

ആലത്തൂർ, ചിറ്റൂർ, ഓലശ്ശേരി സ്ഥലങ്ങളിലെ കർഷകതൊഴിലാളികൾ രണ്ടുചേരിയിലാണ് നിന്നിരുന്നത്. ഒരു വിഭാഗംപേർ ഭൂഉടമാരുടെ ഭാഗത്തും മറ്റൊരു വിഭാഗം കർഷക തൊഴിലാളികളോടൊപ്പവും. കർഷകതൊഴിലാളികളോടൊപ്പം നിൽക്കുന്ന എല്ലാവരും ചേർന്ന് 'കർഷക സമാജം' രൂപീകരിച്ച് ഭൂഉടമകൾക്കെതിരെ സമരത്തിനിറങ്ങി. ഇതിനെ മുതലാക്കി ഭൂഉടമകൾ തങ്ങളെ പിന്താങ്ങുന്ന കർഷക തൊഴിലാളികളെ സംഘടിപ്പിച്ച് അവരുടെ പാടം കൊയ്യാൻ ശ്രമിച്ചു. കർഷകതൊഴിലാളികളുടെ രണ്ട് ചേരിയും തമ്മിൽ പാടങ്ങളിൽ അടി തുടങ്ങി. ഇതിനുപരിഹാരം കാണുന്നതിനായി കർഷകതൊഴിലാളികളുടെ നേതാവായ സഖാവ് കൃഷ്ണനുണ്ണി കുറുപ്പ് സമരസ്ഥലത്ത് വരുന്നുണ്ടെന്ന് കർഷക സമാജത്തെ അദ്ദേഹം അറിയിച്ചു. സഖാവ് വരുന്നുണ്ടെന്ന അറിയിപ്പ് എങ്ങനെയോ ഭൂഉടമകളുടെ ചെവിയിലെത്തി. സഖാവ് വന്നാൽ കർഷക തൊഴിലാളികൾ ഒന്നിക്കുമെന്ന് മനസ്സിലായ ഭൂഉടമകൾ എല്ലാവരും ചേർന്ന് അദ്ദേഹത്തെ കൊല്ലാൻ ഗുണ്ടകളെ ഏർപ്പാടാക്കി. അങ്ങനെ ചിറ്റൂർ–പാലപ്പള്ളം എന്ന സ്ഥലത്തുവച്ച് ഭൂഉടമകളുടെ ഗുണ്ടകൾ അദ്ദേഹത്തെ വെടിവച്ചുകൊന്നു. ഈ വാർത്ത കർഷകതൊഴിലാളികളെ ഒന്നടങ്കം

ഞെട്ടിക്കുന്നതായിരുന്നു. കാരണം സഖാവ് വന്നിരുന്നെങ്കിൽ കർഷക തൊഴിലാളികളെ എല്ലാവരെയും ഒറ്റക്കെട്ടാക്കി സമരം ശക്തമാക്കുമായിരുന്നു. തങ്ങൾക്കുവേണ്ടി രക്തസാക്ഷിയായ സഖാവിന്റെ ഓർമ്മ കർഷക തൊഴിലാളികളെ ഒന്നിപ്പിച്ചു. പിന്നീട് എല്ലാ കർഷക തൊഴിലാളികളും ഒരുമിച്ച് ഭൂഉടമകൾക്കെതിരെ സമരം ചെയ്തു. ദിവസക്കൂലി അഞ്ചിടങ്ങഴി നെല്ല് ആണിനും നാലിടങ്ങഴി പെണ്ണിനും എന്ന തോതിൽ സമരം ഒത്തുതീർപ്പായി. ഇതെല്ലാം പറയുമ്പോൾ ദേവു എന്ന കർഷക തൊഴിലാളിനേതാവിന്റെ രക്തം തിളയ്ക്കുകയായിരുന്നു. ഒരു വിപ്ലവകാരിയെപ്പോലെ.........

ദേവുവിന്റെ 40 വയസ്സുവരെ എല്ലാ സമര പരിപാടികളിലും പങ്കാളിയായിരുന്നു. അന്ന് ഒരു ഓലപ്പുരയും 5 സെന്റ് സ്ഥലവുമായിരുന്നു ദേവുവിന് ഉണ്ടായിരുന്നത്. ഇന്ന് മക്കൾ വലുതായി നല്ല സൗകര്യങ്ങളായി നല്ല നിലയിൽ ജീവിക്കുന്നു. അന്നത്തെ സമരങ്ങൾക്ക് ഒരു ആശ്വാസം കിട്ടിയത് സഖാവ് ഇ എം എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കൃഷിക്കാരന് കൃഷി ഭൂമി എന്ന നിയമം നടപ്പിൽ വന്നപ്പോഴാണ് . പക്ഷേ, ഇ എം എസിന് ഒരു തെറ്റു പറ്റി എന്നു ദേവു പറയുന്നു. കർഷക തൊഴിലാളിക്ക് കൃഷി ഭൂമി എന്ന ആശയമായിരുന്നു വേണ്ടിയിരുന്നത്.

ഇന്നും അന്നത്തെ സമരാവേശം ദേവുവിന്റെ മനസ്സിൽ കെട്ടടങ്ങിയിട്ടില്ല. അന്നത്തെ കഷ്ടപ്പാട് മറക്കാനേ കഴിയില്ല. ഇന്ന് ദേവുവിന്റെ പേരക്കുട്ടികളോട് ആ കഥ പറയാറുണ്ട്. അന്നത്തെ മനോഭാവത്തിൽ നിന്ന് ഒട്ടും മാറ്റം വന്നിട്ടില്ലാത്ത തൊഴിലാളികളോടൊപ്പം നിൽക്കുന്ന ഒരാളാണ് ദേവു.

**യാത്ര അവസാനിക്കുന്നില്ല..................**

സ്വയം സഹനത്തിന്റെ ....ചെറുത്തു നിൽപ്പിന്റെ
വേറിട്ടവാക്കും ശബ്ദവുമായിരുന്നവർ...........
ചരിത്രത്തോടും കാലഘട്ടത്തോടും
ധീരമായും സത്യസന്ധമായും പ്രതികരിച്ചവർ
ഇതുവരെ നാം കോറിയിട്ട ചരിത്രത്താളുകളിൽ
എവിടെയും ഇടം നേടാതെപോയവർ
അതിസാധാരണമായ ജീവിത ദൃശ്യത്തിനുമപ്പുറം
നിഷേധങ്ങളും വിവേചനങ്ങളുമനുഭവിച്ചവർ
പിന്നിട്ട വഴിത്താരകളിൽ വിളക്കേന്തി വഴികാണിച്ചവർ....
കാഴ്ചയുടെ കൺവെട്ടത്തുണ്ടായിട്ടും നാം കാണാതെ പോയവർ
നമുക്ക് മുഖം തരാതെ പിന്നണിയിൽ നിന്ന് നമ്മെ നയിച്ചവർ
ഇവരെ തേടിയാണ് നാം നടന്നു തുടങ്ങിയത്
ചിലരെ നാം കണ്ടു............. തിരിച്ചറിഞ്ഞു.
ഇനിയുമുണ്ട് ഇതുപോലെ എത്രയോപേർ
ചരിത്രത്തെ അറിയുന്നവർ............. ചരിത്രത്തിന് നിദാനമായവർ
അറിയപ്പെടാത്ത വീരാംഗനമാരെ തേടിയുള്ള യാത്രയിൽ
നിങ്ങളും കൂട്ടുവരണം............
പെൺചരിത്രത്തിന്റെ പുനർനിർമ്മിതി
പൂർണ്ണമാകും വരെ....
ഈ യാത്രതുടരാം................

കുടുംബശ്രീ

A Government of Kerala Initiative for
Poverty Eradication through Networking of Women's Group
Kudumbashree, State Poverty Eradication Mission,
2nd Floor, TRIDA, Rehabilitation Building, Chalakuzhy Road,
Medical College P.O., Thiruvananthapuram 695 011, Kerala, India
Phone: +91-471-2554714 Fax: 2334317
Email : info@kudumbashree.org
www.kudumbashree.org